# ശിലാപുരാണം

ജ്ഞാനദാസ്



T61
G53

# ശിലാപുരാണം

ജ്ഞാനദാസ്

# ശിലാപുരാണം

(ഏകാങ്കനാടകങ്ങൾ)

DHARMARAM COLLEGE
LIBRARY
BANGALORE

ജ്ഞാനദാസ്

ബഥനി പബ്ലിക്കേഷൻസ്,
ബഥനി ജനറലേററ്, കോട്ടയം-686010

DHARMARAM COLLEGE LIBRARY
Ac. No 49521.
Call No T61 /ഉ53

# SILAPURANAM

One Act Plays.

**By Jnanadas.**

First Published January 1983.

Printed at the Bethany Press Kottayam.

Cover Disign, Piyatho, Tiruvalla.

Distribution-Bethany Book Centre, Tiruvalla.

Price Rs. 5

"എനിക്കുമുണ്ടേതോ ചിലതെല്ലാ
മീ ഊഴിപ്പരപ്പിനോടൊന്നു പറഞ്ഞു പോകുവാൻ"

ഞാൻ എന്തിനു നാടകമെഴുതി എന്നു ചോദിച്ചാൽ ഇതേയുള്ളു ഉത്തരം. പറയുന്നതൊക്കെ ഒരു പക്ഷേ ആവത്തനമായിരിക്കാം. എനിക്കു മുമ്പേ അവരതു പറഞ്ഞുപോയി. ജറമിയാസും ഐസയാസും ആമോസുമൊക്കെ. എങ്കിലും അതാവത്തിക്കാൻ ഞാനിഷ്ടപ്പെടുന്നു. ഞാനും അവരുടെ വംശത്തിൽപ്പെടുന്നവനല്ലോ.

പറയാനുള്ളതു കടലാസിലായപ്പോൾ 'ശിലാപുരാണം' ജനിച്ചു. ശിലാപുരാണത്തെപ്പററി എൻെറ ഗുരുദൂതൻ അവതാരികയിൽ പറഞ്ഞിട്ടുണ്ടല്ലോ. അതിൽ കൂടുതൽ ഞാനെന്തു പറയാൻ?

കവിതയിലെന്നതുപോലെ നാടകത്തിലേക്കും എന്നെ കൈപിടിച്ചുനടത്തിയ ഗുരുവിനെ ആരാധനാപൂവ്വം നമസ്കരിക്കുന്നു.

ഇതിലെ നാടകങ്ങൾ രംഗത്തവതരിപ്പിച്ച് സമ്മാനങ്ങൾ നേടിയ കോട്ടൂർ ലിററിൽ ഫ്ളവർ യുവദീപം സുഹൃത്തുക്കളോട് എനിക്കുള്ള നന്ദി രേഖപ്പെടുത്തട്ടെ!

സങ്കേതിക നിർദ്ദേശങ്ങൾ നല്കിയും സംവിധാനം ചെയ്തും സഹായിച്ച 'പൊസ്സി' ഹൃദയത്തിൽ നിറഞ്ഞുനില്ക്കുന്നു.

മനു സ്വയം കണ്ടെത്താൻ നമ്മെ സഹായിക്കും.

കൊച്ചുവക്കീലും പ്രൊഫസ്സർ ജറമിയാസും നമ്മെ കുററപ്പെടുത്തും.

അവരെ ഞാൻ നിങ്ങളുടെ മുമ്പിലേക്കയക്കട്ടെ!

ജ്ഞാനദാസ്

ശിലാപുരാണം

പ്രൊഫസ്സർ ജറമിയാസ്

മനുവംശപുരാണം

# അവതാരിക

ശ്രീ ജ്ഞാനദാസിന്റെ മൂന്നു വിശിഷ്ട ഏകാങ്ക നാടകങ്ങളാണ് വളരെ സന്തോഷപൂർവ്വം ഞാനിവിടെ അവതരിപ്പിക്കുന്നതു്. പ്രമേയ ഗൗരവംകൊണ്ടും പ്രയോഗ ചാതുര്യംമൂലവും ഈ മൂന്നു നാടകങ്ങളും ശ്രദ്ധേയമാണ്. ധാർമ്മികമൂല്യങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരു ദാർശനികന്റെ സംഘർഷാത്മകമായ മനസ്സിൽ പൊട്ടിവിടർന്നവയാണ് ഈ നാടകങ്ങൾ. ആധുനിക നാടകസങ്കേതങ്ങൾ—രചനയിലും അവതരണത്തിലും ഒളിമിന്നുന്നു ഇവയിലെല്ലാം. സുശിക്ഷിതരായ നാടക കലാകാരന്മാരുടെ അഭിനയപാടവം കൂടിയായാൽ ഇവ മൂന്നും സാമാന്യത്തിലേറെ കലാകൗതുകമുണർത്തുകയും നമ്മുടെ നാടകവേദിയെ സമ്പന്നമാക്കുകയും ചെയ്യും.

ശിലാപുരാണം, പ്രൊഫസ്സർ ജറമിയാസ്, മനുവംശപുരാണം എന്നിവയാണ് ഈ ഗ്രന്ഥത്തിലെ നാടകങ്ങൾ. ഈ മൂന്നു കൃതികളെയും ബന്ധിക്കുന്ന പൊതുവായൊരു ഘടകമുണ്ട്. അടിസ്ഥാനപരമായ സമത്വദർശനമാണതു്. അതോടൊപ്പംതന്നെ ഇവയ്ക്കു മൂന്നിനും അവയർഹിക്കുന്ന വൈവിദ്ധ്യവും വ്യക്തിത്വവുമുണ്ട്. ശിലാപുരാണം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ശക്തമായ സാമൂഹ്യ വിമർശനമാണ് ഇവിടെ ലക്ഷ്യം. അതോടൊപ്പം ഉദാത്തമായ ഒരു സാമൂഹ്യസങ്കല്പം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. കൊച്ചുവക്കിയാണ് കേന്ദ്രകഥാപാത്രം. അയാൾ പാറയുടയ്ക്കുന്ന തൊഴിലാളിയാണ്. എന്നും വിശപ്പുമാത്രം മൂലധനമായിട്ടുള്ള കൊച്ചുവക്കിയ്ക്കു് ഒരായിരം സുന്ദരസ്വപ്നങ്ങളുണ്ട്. പാറയുടയ്ക്കലിലൂടെ ഈ സമൂഹത്തിന്റെ ഉറകിയുറച്ചുപോയ ഘടനയെത്തന്നെ തച്ചുടയ്ക്കാമെന്നു് അവന്റെ ഉപബോധമനസ്സു് അവ

നോട്ട് എത്ര തവണയെങ്കിലും പറഞ്ഞിട്ടുണ്ടാവും. അതുകൊണ്ടാണ് വിശന്നു തളർന്നു മയങ്ങിപ്പോയ കൊച്ചുവക്കി കേൾക്കുന്ന ശബ്ദം ആ ശാദ്വല ഭൂമിയെപ്പററിയായത്. ആ ഭൂമിയിലേയ്ക്കുള്ള യാത്രയുടെ നേതാവ് അവൻതന്നെയാകുന്നു. തേനും പാലുമൊഴുകുന്ന ആ സ്വപ്നരാജ്യത്തിലേക്ക് അവൻ യാത്രയാവുന്നു. രംഗത്തുള്ള വലിയ പാറസ്ക്കൂപ്പുരമാണ് ആ നാട്ട്. അവനതു് ഉടച്ചുതീക്കണം. ജനപ്രതിനിധിയും വൈദികനും തങ്ങളും പൂജാരിയും ഈ പാറ അവരവരുടേതാണെന്ന വാദത്തോടെ, അതുടസ്ക്കരുതെന്ന താക്കീതോടെ പ്രത്യക്ഷപ്പെടുന്നു. ഇതിനകം വെടിമരുന്നു കുത്തിനിറച്ച് തീ കൊളുത്തിക്കഴിഞ്ഞ കൊച്ചുവക്കിയെ ഭ്രാന്തനെന്നു പരിഹസിച്ച് അവർ ബന്ധിയ്ക്കാൻ ശ്രമിക്കുന്നു. വെടി പൊട്ടി. കൊച്ചുവക്കി ഉണന്നു. യാഥാത്ഥ്യത്തിൻെറ പൊരിവെയിലിലേക്ക് അവൻ വലിച്ചെറിയപ്പെട്ടുന്നു. അവൻെറ ബോധമനസ്സ് വിളിച്ചു കേഴുന്നു, "എനിക്കു വിശക്കുന്നു." അതിൻെറ പശ്ചാത്തലത്തിൽ നാടകാരംഭത്തിൽ കേട്ട 'കവി പാടി, ഭ്രാന്തൻ പാടി' എന്ന ഗാനം കേൾക്കാം.

ഭ്രമാത്മകമായ ഒരു ഭാവനയുടെ നാടകാവിഷ്ക്കരണമാണു ശിലാപുരാണം. കൊച്ചുവക്കിയെന്ന തൊഴിലാളിയുടെ ഭ്രമാത്മക സങ്കല്പത്തിൽ ഇതു് അരങ്ങേറുന്നു. സമൂഹത്തിലെ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പുരോഗതിയ്ക്കു പ്രതികൂലമായി പ്രവേശിക്കുന്നു. നിശ്ചല സമൂഹത്തിനെതിരെ വിരൽ ചൂണ്ടുന്ന, 'അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്തു വിയക്കുന്ന, ചോദ്യം ചോദിക്കാൻ തയ്യാറെടുക്കുന്ന പുരോഗമനകാരിയെ പണ്ടെന്നപോലെ ഇന്നും സമൂഹം ഭ്രാന്തനെന്നു മുദ്രകുത്തും. കൊച്ചുവക്കി അങ്ങനെയുള്ള ന്യൂനപക്ഷം ഭ്രാന്തന്മാരുടെ പ്രതിനിധിയാണ്. സാമൂഹ്യ വിമർശനം മാത്രമല്ല ഇതിനെ ശ്രദ്ധേയമാക്കുന്നതു്. ശൈലിയിലിൻെറ

ധാർമ്മികമായ പശ്ചാത്തലവും കാവ്യാത്മകതയും കൊച്ചുവക്കിയെന്ന അടിസ്ഥാന മനുഷ്യനെ ഉത്തേജിതനാക്കുന്നു. അവന്റെ മോഹങ്ങൾ പണുതുയർത്തുന്ന സൗധം തളരുമ്പോളുണ്ടാവുന്ന മോഹഭംഗം ശക്തമായിത്തന്നെ പ്രേക്ഷകനിലേക്കു വിനിമയം ചെയ്യുവാൻ നാടകകൃത്തിനു കഴിഞ്ഞിട്ടുണ്ട്. ഏകാങ്കനാടകത്തിന്റെ ഒതുക്കവും മുറുക്കവും വികാരതീവ്രതയും ഇവിടെ പ്രകടമാണ്.

ഏകദേശം ഇതേ മൂശയിൽ വാർത്ത ഒരു നാടകമാണ് പ്രൊഫസർ ജറമിയാസ്. ബൈബിളിന്റെ ഉല്പതിഷ്ണുത്വം അതിമനോഹരമായി ഈ കഥാപാത്രത്തിലൂടെ വെളിവാകുന്നു. സമൃദ്ധിനിറഞ്ഞ ഒരു ദേശത്തേക്കു് ജനതയെ നയിച്ച ജറമിയ ആ പ്രദേശം പാപപങ്കിലവും ചൂഷണാധിഷ്ഠിതവുമാക്കിയവരെ ശപിക്കുന്നു. മനസ്സിൽനിന്നും ഈശ്വരസങ്കല്പം മറഞ്ഞ ആ മനുഷ്യർ നീതിയും നിയമവും ധർമ്മവും കശക്കിയെറിഞ്ഞു. അതുകൊണ്ടുതന്നെ അവർ തലമുറകളോളം ശപിക്കപ്പെട്ടു. ഈ പുരാണപാത്രമായ ജറമിയാസിന്റെ ഭ്രാന്തുപിടിച്ച മനസ്സ് മൂർത്തരൂപം തേടുന്നതാണ് നാടകത്തിലെ ജറമിയാസ്. കോളേജ് പ്രൊഫസറായി അയാളിന്നു് പ്രത്യക്ഷപ്പെടുന്നു. സതീർത്ഥ്യനായിരുന്നവൻ ഇപ്പോൾ മന്ത്രിയായി അയാൾക്കുട്ടത്തെത്തുന്നു. ജഡ്ജും പുരോഹിതനും മന്ത്രിയുമെല്ലാം ഒററക്കുമൊരുമിച്ചും ജറമിയാസിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടുന്നു.

സാമൂഹ്യ സ്ഥാപനങ്ങളുടെ കേന്ദ്രഭരണാധികാരം കയ്യാളുന്ന ഈ വിഭാഗങ്ങൾ ജറമിയാസിനെ തിരിച്ചറിയുന്നില്ല. ഭ്രാന്തനെന്നു ചിത്രീകരിക്കുകയും ചെയ്യുന്നു. എന്നാൽ ആ ഭ്രാന്തൻ മാത്രമേ വിശപ്പിന്റെ ജ്വാലകളിൽ വൈററ് ഹൗസും ഡൽഹിയും മററും വെന്തെരിയുന്നതു കാണുന്നുള്ളൂ. ബേയ്റൂട്ടിലും, ഫാക്‌ലന്റിലും ഇറാനിലും ഇറാക്കിലും മററും

കൊല്ലപ്പെടുന്ന അശരണരും നിഷ്കളങ്കരും ഈ ഭ്രാന്തൻെറ മനസ്സിലെ സ്ഥലം പിടിയ്ക്കുന്നുള്ളൂ. സ്നേഹമയിയായ ദൈവത്തെ മറന്ന മണ്ണിൻെറ മക്കളെ ജറമിയാസ് പുതിയൊരു ലോകം കാണിയ്ക്കുന്നു. പക്ഷെ, അവക്കതു കാണേണ്ട. ജറമിയാസ് ഭ്രാന്തനല്ലേ! ആക്കാണിവിടെ ഭ്രാന്ത്? തിന്മ കണ്ട് ആത്മരോഷം കൊണ്ടിളകുന്നവനോ തിന്മയെ സ്വാത്ഥലാഭത്തിനുവേണ്ടി അരക്കിട്ടുറപ്പിയ്ക്കുന്നവനോ?

'മനുവംശപുരാണം' ഈ രണ്ടു നാടകങ്ങളിൽനിന്നും വ്യത്യസ്ഥമാണ്. ഇവിടെ ബൈബിളിലെ പ്രഖ്യാതമായ ഒരു കഥയെ ഉപജീവിച്ച് ഹൈന്ദവ സങ്കല്പത്തിൻെറ പശ്ചാത്തലത്തിൽ കാലദേശാതീത മൂല്യങ്ങൾ ഉൾകൊള്ളുന്ന ഒരു നാടകം ജ്ഞാനദാസ് രചിച്ചിരിക്കുന്നു. മനുഷ്യപതനത്തിൻെറ മൂലകാരണം "കാമ ഏഷ, ക്രോധ ഏഷ, രാജോഗുണസമുത്ഭവ:" എന്ന് ഭഗവാൻ കൃഷ്ണൻ അജ്ജുനൻെറ ചോദ്യത്തിനുത്തരമായി പറഞ്ഞതുതന്നെ. ഇതിൻെറ ആധുനിക ജീവിതത്തിലെ നാടകീയ ആവിഷ്കരണമാണ് "മനുവംശപുരാണം."

മനുവിൻെറ മനസ്സിലെ രണ്ടു വിരുദ്ധവികാരങ്ങളുടെ —നന്മതിന്മകളുടെ—സംഘഷവും അതിൻെറ പ്രത്യാഘാതവുമാണ് ഇവിടെ കേന്ദ്രബിന്ദു. ദുബ്ബലനായ മനുവിൻെറ മനസ്സിനെ പ്രലോഭിപ്പിക്കാൻ രണ്ടാമത്തെ ഭൃത്യനു് യാതൊരു വിഷമവും നേരിടുന്നില്ല. അതിൽനിന്നയാളെ കരകയറാൻ നന്മയുടെ പ്രതിപുരുഷനായ ഒന്നാംഭൃത്യനു് സാധിക്കുന്നുമില്ല. ധമ്മിഷ്ഠനായ സേനാനിയുടെ നിഷ്കളങ്കയായ ഭാര്യയെ മനു ബലാല്ക്കാരമായി പ്രാപിക്കുന്നു. അതിൽ ജനിക്കുന്ന കുഞ്ഞു് പാപത്തിൻെറ ഫലമെന്നവണ്ണം മൃതിയടയുന്നു. ഇവിടെ ന്യായാധിപൻ ബൈബിളിലെ നാഥാൻ തന്നെ. "പരധനാപഹരണം" നടത്തി ധമ്മരാജ്യത്തിനു പകരം

പാപത്തിൻെറ വിത്തു വിതച്ച ഭരണാധികാരിയെ തലമുറക ളോളം അദ്ദേഹം ശാപവിധേയനാക്കുന്നു. കുററവാളിയെ ത്തേടിയുള്ള യാത്ര ഇതിലെ ധ്വന്യാത്മകമായ ഒരു ബിംബമാ ണു്. രണ്ടായിരത്തിഅഞ്ഞൂറു് വഷങ്ങൾക്കുമുമ്പു് സോഫോ ക്ലീസ് രചിച്ച "ഈഡിപ്പസിലും" ആയിരത്തിത്തൊള്ളാ യിരത്തിഅമ്പതുകളിൽ മലയാളത്തിൻെറ നാടകശബ്ദമായി മുഴങ്ങിനിന്ന സി. ജെ. തോമസ്സിൻെറ "ആ മനുഷ്യൻ നീ തന്നെ" എന്ന നാടകത്തിലും മററു് ഒട്ടനവധി വിശേഷാത്ത രകൃതികളിലും പാപിയെത്തേടിയുള്ള ഈ പലായനം ദൃശ്യ മാണു്. മനുവംശ പുരാണത്തിൽ ഇതു് സമത്ഥമായി കൈ കാര്യം ചെയ്തിരിക്കുന്നു. സാവ്വജനീന സ്വഭാവമുണ്ടു് ഈ നാടകത്തിന്നു്.

ഈ മൂന്നു നാടകത്തിലും ആധുനിക നാടകവേദിയുടെ അനന്തസാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാവുന്നതാ ണു്. കാരണം ഇവ മൂന്നും non-realistic നാടകങ്ങളാണെ ന്നതുതന്നെ. ശൈലീകൃതമായ അഭിനയരീതിയും രംഗസ ഞ്ചാരവും സാത്വികഭാവത്തെ പരിപോഷിപ്പിക്കുന്ന ധ്വ ന്യാത്മകമായ അന്തർലോകമനനവും ഈ നാടകങ്ങളെ ഇക്കാ ലത്തിറങ്ങുന്ന അത്ഥശൂന്യമായ വത്തമാനംപറച്ചിൽ നാടക ങ്ങളിൽനിന്നു് ബഹുദൂരം ഉയത്തിനിത്തുന്നു. "നാടകാന്തം കവിത്വം" എന്ന ഭാരതീയ കലാമീമാംസ ജ്ഞാനദാസ് വ ശമാക്കിയെന്നു തോന്നും. കാരണം, കവിതയിൽ തുടങ്ങി, അതിൽ വളന്നു് അതിൻെറ സാന്ദ്രവും സംഘാഷാത്മകവു മായ നാടകത്തിൽ എത്തിനില്ക്കുന്നു അദ്ദേഹം, എന്നതുതന്നെ.

എന്നാൽ കഥാപാത്രങ്ങളുടെ വളച്ച്യിലും വികാസത്തി ലും നമ്മുടെ നാടകകൃത്തു് കുറെക്കൂടി ശ്രദ്ധിക്കണമെന്നു തോ ന്നി. കരണപ്രതികരണങ്ങളിലൂടെ, സംഭവപരമ്പരകളിലൂ ടെ, നാടകാരംഭത്തിൽ കണ്ട കഥാപാത്രം അനുപേക്ഷണീയ

മായി വളന്ന്, മറൊരു ധ്രുവത്തിലെത്തി നില്ക്കേണ്ടതാണ്. എന്നാൽ ഇവിടെ അങ്ങനെ സംഭവിക്കുന്നുണ്ടോ എന്നു് സംശയം. മാത്രവുമല്ല, കേവലാശയങ്ങളായ അമൂർത്ത കഥാപാത്രങ്ങൾ വികാസസാദ്ധ്യത കുറയ്ക്കുകയും ചെയ്യുന്നു. 'നന്മ-തിന്മകൾ' തന്നെ ഉദാഹരണം. ഇത്തരം ചില മൗലികപ്രശ്നങ്ങൾപോലും വിസ്മരിപ്പിക്കുമാറു്, ഈ നാടകങ്ങളുടെ ആത്മാവായി വർത്തിക്കുന്ന കാവ്യാത്മകത അന്യൂനമെന്നു പറയേണ്ടിയിരിക്കുന്നു. "പദ്യമല്ലല്ലോ കാവ്യാത്മകത."

പ്രമേയത്തിൻെറ ഭാവം തന്നെ താളനിബന്ധമാവുകയും മനുഷ്യമനസ്സിൻെറ ആന്തരീക അനുഭൂതിയുടെ ആവിഷ്കരണത്തിനു് ഈ താളം അനിവാര്യമാക്കുകയും ചെയ്തിരിക്കുന്നു ശ്രീ ജ്ഞാനദാസ്. ബൈബിളിൻേറതുപോലെ കാവ്യാത്മകമായ ഒരു സമ്പന്ന സംസ്കാരം നെഞ്ഞേററി ലാളിക്കുന്ന അദ്ദേഹത്തിനു് സ്വന്തം കൃതികളിൽ ഇതു സാധിക്കുന്നതിൽ അത്ഭുതമില്ല.

ശ്രീ ജ്ഞാനദാസിൻെറ ഗൗരവപൂർണ്ണമായ ഈ നാടകങ്ങൾക്കു് സംപൂർണ്ണ വിജയം ആശംസിക്കുന്നു. അതോടൊപ്പം നാടകവിദ്യാർത്ഥികൾക്കു് കൈകാര്യം ചെയ്യാൻ യോഗ്യമാണു് ഇവയെന്ന വസ്തുതയും ഇവിടെ പ്രസ്താവിക്കട്ടെ. നമ്മുടെ ഭാഷയ്ക്കും നാടകവേദിയ്ക്കും വൈവിധ്യമാന്ന ഒട്ടനവധി സത്ഫലങ്ങൾ ജ്ഞാനദാസിൻെറ മൗലികപ്രതിഭയിൽ ഇനിയും കായ്ക്കട്ടെ എന്ന ആഗ്രഹത്തോടെ ഞാനിതു് കൈരളീ സമക്ഷം സമർപ്പിക്കുന്നു.

Sd/

വയലാ വാസുദേവൻപിള്ള.

23-12-1982

ഇംഗ്ലീഷ് വിഭാഗം.

മാർ ഈവാനിയോസ് കോളേജ്,

തിരുവനന്തപുരം-15.

രംഗത്തു് ശില്പാപുരാണം രചിച്ചവർ:

ബാബു കവീരേട്ട്

രാരി കവീരേട്ട്

ജോസ് കായപ്പുറം

വിജയൻ പുളിയങ്കീഴ്

ആൻറണി തെക്കേടെത്തു്

ജോസഫ് തേമ്പിലാക്കൽ

തോമസ് കാലാപ്പറമ്പിൽ

അലക്സ് പെരിഞ്ചേരിൽ

---

സംവിധാനം: "പൊസ്സി" വാനൊലി, തിരുവല്ല–1.

# ശിലാപുരാണം

“അതുകൊണ്ടു്, നിങ്ങൾ അവരെ ഭയപ്പെടേണ്ട; വെളിപ്പെട്ടുത്തപ്പെടാതെ മറഞ്ഞിരിക്കുന്നതും അറിയപ്പെടാതെ നിഗൂഢമായിരിക്കുന്നതുമായി ഒന്നുമില്ല. ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു് നിങ്ങൾ വെളിച്ചത്തു പറയുവിൻ; ചെവിയിൽ മന്ത്രിച്ചതു് പുരമുകളിൽ നിന്നു് പ്രഖ്യാപിക്കുവിൻ”

—ബൈബിൾ

പശ്ചാത്തലസംഗീതം:

കവി പാടി ഭ്രാന്തൻ പാടി
ശിലാപുരാണം
മാനവവംശപുരാണം
ശിലയിൽമുളച്ചു ചരിത്രം
ശിലയിലുറങ്ങി ചരിത്രം
ശിലയിലലിഞ്ഞു ചരിത്രം;
പാറകൾപെററു വളത്തിയദൈവം
മനുഷ്യപുത്രനെ നിന്ദിച്ചു,
മനുഷ്യപുത്രനെ ബന്ധിച്ചു;
ചങ്കിൽ കുന്തം കുത്തിയിറക്കി
ചുടുനിണമൂററി വലിച്ചുകുടിച്ചു
മദിച്ചുതെറിച്ചു നടന്നു-
പാറകൾ പെററു വളത്തിയദൈവം
കറുത്ത ദൈവം!

[കട്ടനുയരുമ്പോൾ പശ്ചാത്തലത്തിൽ ഒരു വലിയ പാറ കാണാം. ഇടതുവശത്തായി ഒരു ചെറിയ പാറയും. ഈ ചെറിയ പാറയിൽ തമിരടിക്കുകയാണു കൊച്ചുവക്കി. വിശപ്പും ദാഹവുംകൊണ്ടു് ജോലിതുടരാൻ അയാൾക്കു സാധിക്കുന്നില്ല. എഴുന്നേററു പാറമടയിൽ പോയി വെള്ളം മൊത്തിക്കുടിച്ചു് വലിയ പാറയുടെ ഓരം ചാരിയിരിക്കുന്നു. കൊച്ചുവക്കി പെട്ടെന്നുറങ്ങിപ്പോയി. ഉറക്കത്തിൻെറ മദ്ധ്യാഹ്നത്തിൽ കൊച്ചുവക്കിക്കു് ഒരു സ്വപ്നദശ്നമുണ്ടായി. അദൃശ്യതയിൽനിന്നു് ഒരു ശബ്ദം കൊച്ചുവക്കിയെ വിളിച്ചു:]

ശബ്ദം: കൊച്ചുവർക്കീ!

കൊച്ചുവക്കി: ഞാൻ...!

ശബ്ദം: നീ...ഇവിടെ...?

കൊച്ചുവക്കി: എനിക്കു വിശന്നു...വിശന്നു വിശന്നു തളർന്നു തളർന്നുറങ്ങിപ്പോയി.

ശബ്ദം: നിൻെറ വിശപ്പ് ഒരു യുഗത്തിൻെറ വിശപ്പാണ്. നിൻെറ തളർച്ച ഒരു വംശത്തിൻെറ തളർച്ചയാണ്. നീ അതറിയുന്നുണ്ടോ?

കൊച്ചുവക്കി: ഇപ്പോൾ അറിയുന്നു.

ശബ്ദം: നീ എന്തു ചെയ്യാൻ പോകുന്നു?

കൊച്ചുവക്കി: പാറപൊട്ടിക്കാൻ.

ശബ്ദം: നീ ഇന്നുവരെ പാറ പൊട്ടിച്ചില്ലേ? നിൻെറ വിശപ്പു മാറിയോ?

കൊച്ചുവക്കി: ഇല്ല.

ശബ്ദം: ഇനി നീ എന്തു ചെയ്യാൻ പോകുന്നു.

കൊച്ചുവക്കി: പാറപൊട്ടിക്കാൻ. പാറപൊട്ടിച്ചു വീണ്ടും തളരാൻ...വീണ്ടും പാറപൊട്ടിക്കും.

ശബ്ദം: അതേ. ഞാൻ കാണിച്ചുതരുന്ന പാറ. ഈ ജനകീയപ്പാറയുടെ അടിവേരുകൾ തേടി നീ പോകണം. ദാ...നോക്കു...ഈ പാറയ്ക്കപ്പുറം തേനും പാലും ഒഴുകുന്ന നാടാണ്. അവിടെ നിനക്കു വിശക്കില്ല. അവിടെ നീ തളരില്ല...

കൊച്ചുവക്കി: ഞാൻ...! ഞാനൊററയ്ക്കു് ഈ വലിയ പാറ?

ശബ്ദം: അതേ. നീ ഒററയ്ക്കു്. നിന്നെ ഞാൻ വിശക്കുന്നവരുടെ ശക്തികൊണ്ടു നിറയ്ക്കും. നിന്നെ ഞാൻ ജനതകൾക്കു പ്രവാചകനായി നിയമിക്കുന്നു.

കൊച്ചുവക്കി; വിശക്കുന്നവരുടെ ശക്തി! ജനതകൾക്കു പ്രവാചകൻ! (കൊച്ചുവക്കി പാറയുടെ വലിപ്പം നോക്കുന്നു...ഇടയ്ക്കു കല്ലുളിയും ചുററികയും പരിശോധിക്കുന്നു.)

കൊച്ചുവക്കി; (കാണികൾക്കു നേരെ തിരിഞ്ഞ്) കൂട്ടരേ,,, ഇതിനപ്പുറം, ഈ പാറയ്ക്കപ്പുറം തേനും പാലുമൊഴുകുന്ന നാടാണ്. അവിടെ നമുക്കു വിശക്കില്ല. ഇതിൻെറ അടിവേരു തേടി നാം പോവുക. നിങ്ങൾ വരുന്നോ? നിങ്ങൾക്കു വിശക്കുന്നില്ലേ?
ഓ...! നിങ്ങൾക്കു വിശപ്പറിയില്ലല്ലോ. നാങ്ങൾക്കു വിശക്കില്ലല്ലോ. നിങ്ങൾക്കു നാണമില്ലല്ലോ. പുംസ്ത്രീ ഭേദമില്ലല്ലോ. ഉണ്ണുന്നുള്ളോർ, ഉടുപ്പാനുള്ളോർ,.....

(രൗദ്രഭാവത്തിൽ) വേണ്ട, ആരും വേണ്ട, നിറഞ്ഞ വയറുകളുമായി ആരുമിവിടേക്കു കടന്നുകൂടാ. പട്ടുകുപ്പായങ്ങളുമിട്ടുകൊണ്ട് ആരുമിവിടേക്കു കടന്നുകൂടാ...ഇതു വിശക്കുന്നവരുടെ ഭൂമിയാണ്. ഉണ്ണാനുമുടുക്കാനുമില്ലാത്തവരുടെ ഭൂമി. ഞാനൊററയ്ക്കുമതി. വിശക്കുന്നവരുടെ ശക്തി കൊണ്ടുതന്നെ നിറയ്ക്കും. ഞാൻ ജനതകൾക്കു പ്രവാചകനാണ്. (ഉളിയും ചുററികയുമെടുത്ത് വലിയ പാറയുടെ ഓരം ചേർത്ത് അടിച്ചുതുടങ്ങുന്നു. തമിരടിക്കുന്നതിനിടയിൽ തന്നോടുതന്നെ പറയുന്നു: "ഇതിനപ്പുറം തേനും പാലുമൊഴുകുന്ന നാടാണ്." ഈ സമയത്ത് ആയിരം തമിരടികൾ ഒന്നിച്ചുകേൾക്കണം.)

[രംഗം ഇരുണ്ടുതെളിയുമ്പോൾ കൊച്ചുവക്കീ ജോലിയിൽ വ്യാപൃതനാണ്. ജനപ്രതിനിധി പ്രവേശിക്കുന്നു]

ജനപ്രതിനിധി: താനിവിടെ എന്തുചെയ്യുന്നു?

കൊച്ചുവക്കീ: എന്താ കണ്ടുകൂടെ?

ജനപ്രതിനിധി: കണ്ടതുകൊണ്ടുതന്നെ ചോദിക്കുന്നത്.

കൊച്ചുവക്കീ: പാറപൊട്ടിക്കുന്നു. ഞാനിതിന്റെ അടിവേരന്വേഷിക്കുന്നു.

ജനപ്രതിനിധി: എന്തിനു്?

കൊച്ചുവക്കീ: എന്റെ വിശപ്പുമാററാൻ.

ജനപ്രതിനിധി: പാറപൊട്ടിച്ചു തിന്നാൻ പോകുന്നു?

കൊച്ചുവക്കീ: അതെ.

ജനപ്രതിനിധി: തനിക്കെന്താ വട്ടാണോ?

കൊച്ചുവക്കീ: വട്ടെനിക്കല്ല. ഈ പാറയുടെ കാവല്ക്കാരായ നിങ്ങൾക്കാണ്.

ജനപ്രതിനിധി: എടോ, ഇതു സർക്കാരിന്റെ പാറയാണ്. ഇതു പൊട്ടിച്ചാൽ കേസെടുക്കും.

കൊച്ചുവക്കീ: അതറിഞ്ഞുകൊണ്ടുതന്നെ പൊട്ടിക്കുന്നത്.

ജനപ്രതിനിധി: ഇതു ജനകീയപാറയാണ്. നമ്മുടെ നാടിന്റെയും സംസ്കാരത്തിന്റെയും പ്രതീകമാണ്.

കൊച്ചുവക്കീ: അല്ലെന്നു പറഞ്ഞില്ല.

ജനപ്രതിനിധി: അതിക്രമം കാണിക്കുന്നവരെ ശിക്ഷിക്കാൻ ഇവിടെ കോടതിയുണ്ടു്.

കൊച്ചുവക്കീ: ആ കോടതിയുടെ അടിവേരാണു ഞാൻ മാന്തുന്നത്.

ജനപ്രതിനിധി: ജയിലിൽക്കിടന്നു താൻ മാന്തേണ്ടിവരും.

കൊച്ചുവക്കി: ജയിലിൻെറ കനത്ത ഇരുമ്പഴികൾക്കുള്ളി ലും ഞാനെൻെറ ധമ്മം തുടരും...

ജനപ്രതിനിധി: ഞാനാരാണെന്നു തനിക്കറിയാമോ?

കൊച്ചുവക്കി; അറിയാം. ജനകീയപ്പാറയുടെ കാവല്പട്ടി!

ജനപ്രതിനിധി: താനെന്നെ അധിക്ഷേപിക്കയാണോ? ഞാ നീ നാട്ടിലെ എം. എൽ. എ. ആണ്.

കൊച്ചുവക്കി: അതിൻെറ അത്ഥമാണു ഞാൻ പറഞ്ഞത്.

ജനപ്രതിനിധി: തന്നെ അത്ഥവും അനത്ഥവും ഞാൻ പഠി പ്പിക്കാം. (ക്രൂദ്ധനായി പോകുന്നു)

കൊച്ചുവക്കി: (ഭൂതകാലസ്മൃതികൾ അയവിറക്കി) ന്യായം പ്രവത്തിക്കുകയും വിശ്വസ്തതയോ ടെ ജീവിക്കുകയും ചെയ്യുന്ന ഒരുവനെ കാണു മോ എന്ന് ജറുസലേമിൻെറ വീഥികളിൽ നിങ്ങൾ ചുററിനടന്ന് അന്വേഷിക്കുകയും വിശാലസ്ഥലങ്ങളിൽ തെരയുകയും ചെയ്യു വിൻ. ഒരുവനെക്കണ്ടാൽ ഞാൻ ആ നഗര ത്തോടു ക്ഷമിക്കാം. "ജീവിക്കുന്ന കത്താ വാണെ" എന്നു പറയുമ്പോഴും അവർ കള്ള സത്യമാണു ചെയ്യുന്നത്. കോടതിപോലും കോടതി! അതിൻെറ അടിവേരുകൾ ഇളക ട്ടെ! നീതി പ്രസംഗിച്ചുകൊണ്ടൊരു എം. എൽ. എ. നടക്കുന്നു. ഫൂ! (ജോലിതുടരുന്നു) (രംഗം ഇരുണ്ടു തെളിയുന്നു. ഒരു വൈദി കൻ പ്രവേശിക്കുന്നു)

വൈദികൻ: കൊച്ചുവക്കീ......നീ?

കൊച്ചുവക്കി: ങ്! ഞാൻ...!

വൈദികൻ: നീയിവിടെ എന്തുചെയ്യുന്നു?

കൊച്ചുവക്കി: ഞാൻ പാറപൊട്ടിക്കുന്നു.

വൈദികൻ: ഇതു പള്ളിയുടെ പാറയാണ്, ഇതു പൊട്ടിച്ചുകൂടാ.

കൊച്ചുവക്കി: അതറിയാം.

വൈദികൻ: അറിഞ്ഞുകൊണ്ടാണോ നീയീ മഹാപാപം ചെയ്യുന്നത്?

കൊച്ചുവക്കി: അതിനായി ഞാൻ വിളിക്കപ്പെട്ടിരിക്കുന്നു.

വൈദികൻ: അരുത്! ഇതു പള്ളിയുടെ നിലനില്പിൻെറ പ്രശ്നമാണ്.

കൊച്ചുവക്കി: ഈ പാറയ്ക്കിപ്പുറം നിലനില്ക്കുന്നതൊന്നേയുള്ളൂ.

വൈദികൻ: എന്താണത്?

കൊച്ചുവക്കി: വിശപ്പ്!

വൈദികൻ: വിശക്കുന്നതിനു് ഈ പാറ പൊട്ടിച്ചാൽ?

കൊച്ചുവക്കി: ഇതിനപ്പുറത്ത് തേനും പാലുമുണ്ട്;

വൈദികൻ: കൊച്ചുവക്കീ...നിനക്കു ഭ്രാന്താണ്...

കൊച്ചുവക്കി: ഭ്രാന്തു് എനിക്കല്ല. ഈ പാറയ്ക്കു വെള്ളമൊഴിച്ചു വളർത്തിയ നിങ്ങൾക്കാണ്.

വൈദികൻ: കൊച്ചുവക്കീ! നീ ആരോടാണ് സംസാരിക്കുന്നതെന്നറിയുമോ?

കൊച്ചുവക്കി: അറിയാം പള്ളിയുടെ ഉടുപ്പിട്ടുകൊണ്ട് പാറകാക്കുന്ന ഭൂതത്തോട്.

വൈദികൻ: കൊച്ചുവക്കീ നീ മഹാപാപം പറയുന്നു.

കൊച്ചുവക്കി: പാപം! വിശക്കുന്നവനു വേണ്ടത് അപ്പമാണ്. അച്ചോ, പാപത്തിൻെറ സുവിശേ

ഷം വിശക്കാതെയുറങ്ങുന്നവരോടു പോയി പറയു.

വൈദികൻ: നീ കർത്താവിനെയും കർത്താവിൻെറ മന്ദിരത്തെയും അധിക്ഷേപിച്ചു പറയുന്നു... പാപം...മഹാപാപം...(പോകുന്നു)

കൊച്ചുവക്കി: (ഭൂതകാലസ്മൃതികൾ) "കർത്താവിൻെറ മന്ദിരം, കർത്താവിൻെറ മന്ദിരം എന്നുള്ള വ്യാജവചനങ്ങളിൽ നിങ്ങൾ ആശ്രയിക്കാതിരിക്കുവിൻ. നിങ്ങളുടെ വ്യാപാരങ്ങളും പ്രവൃത്തികളും നന്നായി ക്രമപ്പെടുത്തുകയും ഓരോരുത്തരും തൻെറ അയല്ക്കാരോടു നീതി പ്രവർത്തിക്കുകയും പരദേശിയേയും അനാഥനേയും വിധവയേയും ഞെരുക്കാതിരിക്കുകയും ഈ സ്ഥലത്തു് കുററമില്ലാത്ത രക്തം ചിന്താതിരിക്കുകയും ചെയ്യുമെങ്കിൽ ഞാൻ നിങ്ങളോടുകൂടി വസിക്കും—കർത്താവ് അരുൾ ചെയ്യുന്നു......

പള്ളിപോലും പള്ളി! ആ പള്ളിയുടെ അടിവേരുകൾ ഇളകട്ടെ! (ജോലി തുടരുന്നു)

[രംഗം ഇരുണ്ടു തെളിയുന്നു. കൊച്ചുവക്കി തമിരിൻെറ നീളം അളന്നു് അതിൽ വെടിമരുന്നു നിറയ്ക്കുന്നു. പാറയുടെ പാർശ്വങ്ങളിൽനിന്നു് ഒരു പൂജാരിയും തങ്ങളും പ്രവേശിക്കുന്നു]

തങ്ങൾ: റബ്ബേ! ഞ്ഞ്ള് എന്തീ കാട്ടണ്?

പൂജാരി: ഹായ്, ഹായ്! നിങ്ങളെന്താണീ കാണിക്കുന്നതു്...... ഇതാരു്? കൊച്ചുവക്കിയല്ലേ? കൊച്ചുവക്കീ.....

തങ്ങൾ: തന്നെ. തന്നെ ബെക്കി, വേണ്ടമോനെ......
ഈ പാറ പൊട്ടിച്ചാ നമ്മുടെ പള്ളി വീ
ണുപോം.

പൂജാരി: ഭഗവതീ, ദുർഗ്ഗേ, മഹാമായേ, നിനക്കു പൂജ
യർപ്പിച്ചു കൊണ്ടിരുന്നപാറയാ.

തങ്ങൾ: (പൂജാരിയോട്ട്) ങ്ങള് എന്തീ പറേണെ?
അതങ്ങു ബെയ്യ്...ഇതു ഞമ്മടെ പാറയാണു.

പൂജാരി: തങ്ങളെ ദോഷം പറയാതിരിക്കിൻ ദുർഗ്ഗ
നിങ്ങടെ നാക്കു പിഴുതെടുക്കും.

തങ്ങൾ: ലാ, ഇല്ലാഹ്! ഇത് റഹ്മാനായ തമ്പുരാ
ൻെറ പാറയാ. ങ്ങ്ള് മെക്കേല് പോയി
ട്ടുണ്ടാ? ബല്യപള്ളി കണ്ടിട്ടുണ്ടാ? അ
തിൻെറ മൂട് ഈപാറയിന്മേലാ ഉറപ്പിച്ചി
രിക്കണെ.

പൂജാരി: ഹേയ്! ഈ മനുഷ്യൻ പറയുന്നെ കേട്ടോ!
ഇതു പഞ്ചപാണ്ഡവന്മാരുടെ പാറയാ. ദാ,
നോക്ക്! ഇതുമ്മേൽ കാണുന്നതെന്താ? ഭീമ
ൻെറ കാലടിയാ.

തങ്ങൾ: ഒലക്കയാ. അവകാശം കൊണ്ടുബന്നാല്
കയ്യുത്തുബെട്ടും, പറഞ്ഞേക്കാം:

പൂജാരി: ഭഗവാനേ! ശ്രീപരമേശ്വരാ......
(ജനപ്രതിനിധിയും വൈദികനും പ്രവേശി
ക്കുന്നു)

ജനപ്രതിനിധി: എന്താ ഇവിടെ തക്കം?

തങ്ങൾ: എൻെറ റബ്ബേ! ഈപൂജാരി പറേണു ഈ
പാറമ്മേലാ ദുർഗ്ഗ കുടിയിരിക്ക്യാന്നു.........
ഞമ്മള്ള് ബിടുമോ? ഇതു മെക്കേലെ ബല്യ
പള്ളീൻെറ മൂലക്കല്ലാ........

ജനപ്രതിനിധി: ഇത് ആരുടേയും പാറയല്ല, ഇത് ജനകീയ പാറയാണ്, സക്കാരിൻെറ പാറയാണ്.

വൈദികൻ: ഇതു പള്ളിയുടെ പാറയാണ്...രക്തസാക്ഷികളുടെ ചുടുരക്തത്തിൽ മുളച്ചുവന്ന പാറ! ഇതിൻെറ അവകാശം പള്ളിയ്ക്കാണ്.

പൂജാരി: ഈ പാറ ദുർഗ്ഗയുടേതാണ്. ആരും അവകാശം പറേണ്ട.

ജനപ്രതിനിധി: നാമിങ്ങനെ അവകാശവും പറഞ്ഞു കൊണ്ടിരുന്നാൽ ഈ പാറ പൊട്ടിച്ചിതറും.

വൈദികൻ: അതു ശരിയാണ്. അവകാശമൊക്കെ പിന്നെ തീരുമാനിക്കാം. ഇപ്പോൾ ഇതിൻെറ സംരക്ഷണമാണാവശ്യം.

ജനപ്രതിനിധി: ഞാൻ പോലീസിലറിയിച്ചിട്ടുണ്ട്.

വൈദികൻ: ഇയാൾക്കു ഭ്രാന്താണ്, ഭ്രാന്താശുപത്രിയിലേക്കാണു കൊണ്ടുപോകേണ്ടതു്.

പൂജാരി }
തങ്ങൾ } : തന്നെ...തന്നെ...

കൊച്ചുവക്കി: (മരുന്നു നിറച്ചുകഴിഞ്ഞു...പൊട്ടിച്ചിരിച്ചുകൊണ്ട് എഴുന്നേല്ക്കുന്നു) ഹ! ഹ! ഹ!...... പോലീസ്! ജയിൽ! ഭ്രാന്ത്! ഭ്രാന്താശുപത്രി!......ജനകീയപ്പാറയുടെ അടിവേരു തേടിയ ഞാൻ കുററവാളിയാണ്. പോലീസ് വരുന്നതിനു മുമ്പ് ഞാനീ പാറ പൊട്ടിച്ച് അപ്പുറം കടക്കും......
(നിമിഷങ്ങൾക്കുശേഷം ധ്യാനത്തിൽ നിന്നെന്നോണം...)
കപടഭക്തരായ നിയമജ്ഞരേ, ഫരിസേയരെ നിങ്ങൾക്കു ദുരിതം! നിങ്ങൾ മനുഷ്യ

രുടെ മുമ്പിൽ സ്വർഗ്ഗകവാടം അടച്ചുകളയു
ന്നു. പാറകൾക്കു വെള്ളമൊഴിച്ചു വളർത്തു
ന്നു......ജനകീയപ്പാറയുടെ അടിവേരു തേ
ടിയ ഞാൻ കുററവാളിയാണ്......
(തീപ്പെട്ടിയുരച്ച് തിരി കത്തിക്കുന്നു. ഇ
പ്പോൾ തിരിയുടെ വെളിച്ചം മാത്രമേയുള്ളു:
അപ്പോൾ എല്ലാവരും കൂടി കൊച്ചുവക്കിയെ
പിടിയ്ക്കാനായുന്നു.)

കൊച്ചുവക്കി: തൊട്ടു പോകരുത്!
(ഭൂതകാലസ്മൃതി) നീതിമാനായിരുന്നു നീ
തിയും ന്യായവും നടത്തുകയും പൂജാഗിരിക
ളിൽവച്ച് ഭക്ഷിക്കാതിരിക്കുകയും വിഗ്രഹ
ങ്ങളുടെ നേക്ക് കണ്ണുകൾ ഉയർത്താതിരിക്കുക
യും അയല്ക്കാരൻെറ ഭാര്യയെ സമീപിക്കാതി
രിക്കുകയും വിശക്കുന്നവനു ഭക്ഷണം കൊടു
ക്കയും അനീതിയിൽനിന്നു് കൈ പിൻവലി
ക്കുകയും ചെയ്യുന്നവൻ നീതിമാനാകുന്നു...
ഹ! ഹ! ഹ!......

(പുച്ഛമായി) ഇതു സക്കാരിൻെറ പാറയാണു്
ജനകീയപ്പാറ
ഇതു പള്ളിയുടെ പാറയാണ്......
ഇതു ദുർഗ്ഗയുടെ പാറയാണ്......
ഇതു അള്ളാഹുവിൻെറ പാറയാണ് .....
ഇതിൻെറ അടിവേരു തേടിയ ഞാൻ കുററ
വാളിയാണ്......
ഞാൻ ഭ്രാന്തനാണ്......
പോലീസ് എന്നെ അറസ്റ്റ് ചെയ്യുംമുമ്പ്,

ഭ്രാന്താശുപത്രിയുടെ തുറുങ്കിൽ അടയ്ക്കപ്പെട്ട
ന്നതിനുമുമ്പ്,

സക്കാരിൻെറ ഈ പാറയിൽ......

പള്ളിയുടെ ഈ പറയിൽ......

ദുർഗ്ഗ പള്ളിനിദ്ര കൊള്ളുന്ന ഈ പാറയിൽ
മെക്കയുടെ അസ്ഥിവാരമുറപ്പിച്ചിരിക്കുന്ന
ഈ പാറയിൽ ഇതിൻെറ നെഞ്ചിൽ, നെറു
കയിൽ ഞാൻ തുപ്പട്ടെ! (തുപ്പുന്നു)

[തീ കൊളുത്തുന്നു. ശീല്ക്കാരത്തോടെ മരുന്നു
കത്തിത്തുടങ്ങുമ്പോൾ രംഗത്തുനിന്ന് എല്ലാ
വരും അപ്രത്യക്ഷരാകുന്നു. നിമിഷങ്ങൾ
ക്കകം വെടിപൊട്ടുന്ന ശബ്ദം! കൊച്ചുവ
ക്കി ഉറക്കത്തിൽനിന്നും ഞെട്ടിയെണീക്കുന്നു.
പരിഭ്രാന്തനായി ചുററും നോക്കി കാണിക
ളോട്ട് ഉള്ളു പൊട്ടി വിളിച്ചു പറയുന്നു.]

**"എനിക്കു വിശക്കുന്നു"**

പശ്ചാത്തല സംഗീതം: "കവിപാടി ഭ്രാന്തൻപാടി"......

— കർട്ടൻ —

# പ്രൊഫസ്സർ ജറമിയാസ്

"കുറെ ആളുകൾ ദേവാലയത്തെപ്പററി, അതിമനോഹരമായ കല്ലുകളാലും കാഴ്ചദ്രവ്യങ്ങളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നല്ലോ എന്നു പറഞ്ഞു. നിങ്ങൾ ഈ കാണുന്നവയിൽ തകർക്കപ്പെടാത്തതായി കല്ലിന്മേൽ കല്ലു ശേഷിക്കയില്ലാത്ത ദിവസങ്ങൾ വരും"

—ബൈബിൾ

പ്രൊഫസ്സർ ജറമിയായ്ക്കു ഭ്രാന്തു പിടിച്ചു.

അയാൾ തെരുവിലൂടെ നടന്നു ഭ്രാന്തു പറഞ്ഞു.

നാടകത്തിന്റെ ആദ്യന്തം പ്രൊഫസ്സർ ജറമിയാ സ്റ്റേജിന്റെ പിൻഭാഗത്തായി നിശ്ചലനായി നില്ക്കുകയാണ്. അയാളുടെ ഭ്രാന്തുപിടിച്ച മനസ്സിന്റെ മൂർത്ത രൂപമാണ് തെരുവിലൂടെ നടന്നു ഭ്രാന്തു പറയുന്നത്.

(കർട്ടൻ ഉയരുമ്പോൾ നിശ്ചലനായി നില്ക്കുന്ന പ്രൊഫസ്സർ ജറമിയായുടെ മുമ്പിൽനിന്നും അയാളുടെ മനസ്സിൽനിന്നും പുനർജ്ജനിച്ചവനെപ്പോലെ ഭ്രാന്തൻ ജറമിയ സ്റ്റേജിന്റെ മുൻഭാഗത്തേക്കുവന്നു് കാണികളോടായി പറയുന്നു)

ജറമിയ: ഞാൻ നിങ്ങളെ സമൃദ്ധിനിറഞ്ഞ ഒരു ദേശത്തേക്കു കൊണ്ടുവന്നു. അവിടെയെത്തിയ ശേഷം എന്റെ ദേശം നിങ്ങൾ ദൂഷിപ്പിച്ചു. എന്റെ അവകാശം മ്ലേച്ഛമാക്കി, ഈശ്വരൻ എവിടെയെന്നു് പുരോഹിതന്മാർ ചോദിച്ചില്ല. നീതിപാലകൻ എന്നെ അറിഞ്ഞില്ല. ഭരണകർത്താക്കൾ എന്നെ ധിക്കരിച്ചു. അതുകൊണ്ടു് ഞാൻ നിങ്ങളെ കുററം വിധിക്കും. നിങ്ങളുടെ മക്കളുടെ മക്കളുടെ മേലും ഞാൻ കുററം വിധിക്കും......

(പശ്ചാത്തലത്തിൽ 'ജറമിയാ' എന്നു വിളികൾ ഉയരുന്നു. ഒരുൾവിളിപോലെ ജറമിയായുടെ ഹൃദയത്തിൽ അതു് പ്രതിധ്വനിച്ച് ഉയരുന്നു. പൂർവ്വസ്മൃതികളുടെ ചുഴിയിൽപ്പെട്ടു് അദൃശ്യതയിലേക്കു കണ്ണുംനട്ടു് ജറമിയ നിമിഷങ്ങളോളം നില്ക്കുന്നു, പിന്നെ ഭ്രാന്തന്റെ ഭാവം ഉൾക്കൊണ്ടു് കാണി

ൾ ളെ നോക്കി പരിഹാസപൂർവ്വം ചിരിക്കുന്നു. പിന്നെ ഒരു പ്രൊഫസ്സറുടെ ഭാവഗാംഭീര്യത്തോടെ ക്ലാസ്സ്റൂമിലൂടെയെന്നവണ്ണം നടക്കുന്നു. മുന്നിലിരിക്കുന്നവരെ വിദ്യാർത്ഥികളായി സങ്കല്പിച്ച് അവരോടായി;

My dear Students,
Ours is an unjust Society!
Top to the bottom,
top to the bottom.

'Top to the bottom' ശബ്ദം കുറഞ്ഞുകുറഞ്ഞ് വായുവിൽ ലയിച്ചുചേരുമ്പോൾ 'ജറമിയ' ശബ്ദം ഒരിക്കൽക്കൂടി പ്രതിധ്വനിച്ച് ഇല്ലാതെയാവുന്നു. അതിനനുസരിച്ച് വെളിച്ചം മങ്ങിയിരുണ്ട് തെളിയുന്നു. ജറമിയ കയ്യിൽ ഒരു പുസ്തകവുമായി രംഗത്തുണ്ട്. ഇടയ്ക്കിടെ പുസ്തകം തുറന്നു വായിക്കുകയും ചിന്താമഗ്നനായി നില്ക്കുകയും ചെയ്യുന്നു. നിമിഷങ്ങൾക്കുശേഷം ജഡ്ജിയുടെ വേഷത്തിൽ ഒരാൾ സ്റ്റേജിലൂടെ കടന്നുപോകുന്നു. ജറമിയാ പെട്ടന്നു തിരിഞ്ഞ്:)

ജറമിയാ: ഹേ! മിസ്റ്റർ!
(ജഡ്ജ് തിരിഞ്ഞു നോക്കി ജറമിയായുടെ വേഷം ശ്രദ്ധിച്ച്, വീണ്ടും പോകാൻ തുടങ്ങുന്നു)

ജറമിയാ: ഹേ! മിസ്റ്റർ എന്നു വിളിച്ചതുകൊണ്ടാവും! യുവർ ഓണർ! അഥവാ ഹോണറബിൾ ജഡ്ജ്!

ജഡ്ജ്: (അടുത്തുവന്ന് ജറമിയായുടെ വേഷത്തിൽ ശ്രദ്ധിക്കുന്നു)

ജറമിയാ: എന്താ ഇത്ര സൂക്ഷിച്ചുനോക്കാൻ?

ജഡ്ജ്: പ്രൊഫസ്സർ ജറമിയാ!

ജറമിയാ: സോററി! അയാൾ എന്നേ മരിച്ചുപോയി. ഇതു് അയാളുടെ വീണ്ടെടുക്കപ്പെട്ട ആത്മാവു മാത്രം.

ജഡ്ജ്: പ്രൊഫസ്സർ! നിങ്ങൾക്കെന്തുപ്പററി?

ജറമിയാ: ഹ്! ഹ്! ഹ്! നിങ്ങൾ ഇപ്പോഴും ആ പഴയ തെററിൽ ഉപയോഗിക്കുന്നു. നിങ്ങൾക്കിപ്പോഴും എന്നെ മനസ്സിലായിട്ടില്ല. (കണ്ണടച്ചു് പ്രാർത്ഥിക്കുന്നവനേപ്പോലെ ഒരു നിമിഷം നില്ക്കുന്നു)

ജറമിയാ: നിങ്ങൾക്കീവേഷം ചേരില്ല.

ജഡ്ജ്: നിങ്ങളെന്താണീപറയുന്നതു്. എനിക്കു മനസ്സിലാവുന്നില്ല.

ജറമിയാ: അതുകൊണ്ടുതന്നെയാണു ഞാൻ പറഞ്ഞതു്, നിങ്ങൾക്കു് ഈ ഉടുപ്പു ചേരില്ലന്നു്. നീതിപാലകൻെറ വേഷമാണു് നിങ്ങൾ അണിഞ്ഞിരിക്കുന്നതെന്നറിയാമോ?

ജഡ്ജ്: അറിയാം

ജറമിയാ: അപ്പോൾ നിങ്ങൾ അറിഞ്ഞുകൊണ്ടു പാപം ചെയ്യുന്നു. നിങ്ങളുടെ കുററം ഗൗരവമുള്ളതാണു്.

ജഡ്ജ്: എന്തു കുററത്തേക്കുറിച്ചാണു് നിങ്ങൾ പറയുന്നതു്.

ജറമിയാ: നീതിപീഠത്തിലിരുന്നുകൊണ്ടു് നീതി നിഷേധിച്ചുവെന്നതു്!

ജഡ്ജ്: ആർക്കു്?

ജറമിയാ: എനിക്കു്, (പുറത്തേക്കു ചൂണ്ടി) അവനു്, അവൾക്കു്, ആയിരങ്ങൾക്കു്, ലക്ഷങ്ങൾക്കു്

ജഡ്ജ്: എന്തു നീതിയാണു ഞാൻ നിഷേധിച്ചതു്

ജറമിയാ: ജീവിക്കാനുള്ള അവകാശം.

ജഡ്ജ്: അസംബന്ധം പറയാതെ, ജറമിയാസ്!

ജറമിയാ: ഹ്! ഹ്! ഹ്! അസംബന്ധം! സുഹൃത്തേ ആ വാക്കിന്റെ അർത്ഥം നിങ്ങൾക്കറിഞ്ഞുകൂടാ.

ജഡ്ജ്: മി. ജറമിയാ! നിങ്ങൾക്ക് ബുദ്ധിഭ്രമം പിടിപെട്ടിരിക്കുന്നു.

ജറമിയാ: ഹ്! ഹ്! ഹ്! ഹ്! ഹ്! ഹ്! കറക്ററ്! നിങ്ങൾ ഇപ്പോഴാണ് യഥാർത്ഥ ജഡ്ജായതു്. ശരിയായി വിധിച്ചിരിക്കുന്നു. എനിക്കു ബുദ്ധിഭ്രമം......
യുവർ ഓണർ! നിങ്ങളുടെ ബുദ്ധിക്കു തകരാറൊന്നുമില്ലല്ലോ?
ആകട്ടെ, ബുദ്ധിഭ്രമം ബാധിച്ചവർക്ക് നങ്ങൾ എന്തു ശിക്ഷയാണു കൊടുക്കുക?

ജഡ്ജ്: ഭ്രാന്താശുപത്രി!

ജറമിയാ: വെരിഗുഡ്! ഹോണറബിൾ ജഡ്ജ്, വെരിഗുഡ്! പക്ഷേ, ഒരു കാര്യം. ഞങ്ങളുടെ സംഖ്യ വളരെ വലുതാണ്. അതുകൊണ്ടു്......അതുകൊണ്ട് ഞങ്ങൾ നിങ്ങളെ ഭ്രാന്താശുപത്രിയിലടയ്ക്കാൻ പോകുന്നു. ഹ്! ഹ്! ഹ്! ഹ്! ഹ്! ഹ്!
(ജഡ്ജ് പോകാൻ ഭാവിക്കുന്നു)

ജറമിയാ: മി. ജഡ്ജ്, ഇതുകൂടി കേട്ടിട്ടുപോകൂ. തിന്മയും ഭീകരനാശവും വടക്കുനിന്നു ഞാൻ കൊണ്ടുവരുന്നു. കുററിക്കാട്ടുകളിൽ നിന്നു്

സിംഹം പുറത്തിറങ്ങിയിട്ടുണ്ട്. ജനതകളുടെ സംഹാരകൻ സ്വസങ്കേതത്തിൽനിന്നു് പുറപ്പെട്ടിട്ടുണ്ട്. അവൻ നിൻെറ ദേശം ശൂന്യമാക്കും......നിൻെറ നഗരങ്ങൾ വിജനമായ നാശക്കൂമ്പാരമാക്കും...... (ഒരുചുഴിയിൽ പെട്ടതുപോലെ) നാ...ശ...ക്കൂ...മ്പാ...ര...മാ...ക്കും...അലക്ഷ്യമായി, ആരോടെന്നില്ലാതെ വിമ്മി, വിതുമ്പി) വേദന, അസഹ്യമായ വേദന! ഞാൻ വേദനയാൽ പുളയുന്നു...എൻെറ ഹൃദയഭിത്തികൾ തകരുന്നു...എൻെറ ജനം വിഡ്ഢികളാണ്. അവർ എന്നെ അറിയുന്നില്ല. അവർ ബുദ്ധിയില്ലാത്ത കുട്ടികളാണ്.........

[രംഗം ഇരുണ്ടുതെളിയുന്നു. ജഡ്ജ് പോയ ഭാഗത്തുകൂടി മിനിസ്റ്റർ പ്രവേശിക്കുന്നു. ജറമിയായെ ശ്രദ്ധിക്കാതെ കടന്നുപോകവേ ജറമിയാ പുറകിൽനിന്നു വിളിക്കുന്നു]

ജറമിയാ: ഹല്ലോ! ഹോണറബിൽ മിനിസ്റ്റർ, ഹൗ ആർ യൂ......?

മിനിസ്റ്റർ: ഓ! ഫൈൻ. തായ്ങ്ക്യൂ. ആൻറ് ഹൗ ആർ യൂ?

ജറമിയാ: അതേ. യൂ ആർ ഫൈൻ...യൂ ആർ ഫൈൻ......നിങ്ങൾക്കു് അങ്ങനെ ആയിരിക്കാനേ കഴിയൂ...പക്ഷേ, ഹൗ ആർ യൂ എന്നു് എന്നോടു ചോദിച്ചതു് ശരിയായില്ല.

മിനിസ്റ്റർ: അതെന്താ?

ജറമിയാ: നിങ്ങൾക്കറിയില്ലേ എനിക്കു ഭ്രാന്താണെന്നു്.

മിനിസ്റ്റർ: ഭ്രാന്തോ?

ജറമിയാ: അതെ. ഭ്രാന്തു്!

മിനിസ്റ്റർ: നിങ്ങൾക്കോ?

ജറമിയാ: അതേ. എനിക്കു്.

മിനിസ്റ്റർ: ആരു പറഞ്ഞു?

ജറമിയാ: നമ്മുടെ രാജ്യത്തിലെ ന്യായാധിപൻ. ന്യായാധിപൻെറ വിധിതീർപ്പിനെ ചോദ്യം ചെയ്യാൻ നിങ്ങൾക്കോ എനിക്കോ അവകാശമില്ല. അവകാശമില്ല......അവകാശമില്ല...
(പ്രാത്ഥിക്കുന്നതുപോലെ നില്ക്കുന്നു)
നിങ്ങൾ എന്നെ ഓമ്മിക്കുന്നുണ്ടോ?

മിനിസ്റ്റർ: ഓമ്മിക്കുന്നു. മിസ്റ്റർ ജറമിയാസല്ലേ? നാമൊരുമിച്ചല്ലേ പോസ്റ്റ് ഗ്രജ്ജുവേഷനു പഠിച്ചതു്?

ജറമിയാ: അതുവരെയുള്ള കഥകളേ നിങ്ങൾക്കറിയൂ..,
എനിക്കതിനു ശേഷമുള്ളതുമറിയാം......
നിങ്ങൾക്കറിയാൻ ആഗ്രഹം കാണും......?

മിനിസ്റ്റർ: തീർച്ചയായും. പറയണം.

ജറമിയാ: M. A. ഫസ്റ്റ് റാങ്കിൽ പാസ്സായി. ലക്ചററായി. ഇടക്കു ഗവേഷണം നടത്തി. ഡോക്ടറേററു കിട്ടി. പ്രൊഫസ്സറായി.. . ഭ്രാന്തുപിടിച്ചു!
നിങ്ങൾ എം. എസ്സു തോററു. സമരം ചെയ്തു നേതാവായി. എം. എൽ. എ. ആയി. മന്ത്രിയായി.

മിനിസ്റ്റർ: നിങ്ങൾക്കു ഭ്രാന്തുപിടിച്ചു!
ഞാൻ മന്ത്രിയായി......!

ജറമിയാ: മിനിസ്റ്റർ, താരതമ്യം പാടില്ല. മന്ത്രിയാവുന്നതേക്കാൾ എത്രയോ നല്ലതാണ് ഭ്രാന്തു പിടിക്കുന്നതു്. Any fool can be a minister......പക്ഷേ ഭ്രാന്തു് അങ്ങനെയല്ല. അതൊരു സിദ്ധിയാണ്. ലക്ഷത്തിലൊന്നോ രണ്ടോ പേക്ക് അതു കിട്ടിയെന്നു വരും!

മിനിസ്റ്റർ: നിങ്ങളെന്നെ അവഹേളിക്കുകയാണോ?

ജറമിയാ: സത്യം പറഞ്ഞാൽ അവഹേളനമാകുമോ മിനിസ്റ്റർ. എങ്കിൽ, ഞാനവഹേളിക്കുന്നില്ല. പക്ഷേ നിങ്ങളോട്ട് ഒന്നു പറയാനുണ്ട്.

മിനിസ്റ്റർ: എന്തു പറയാൻ.

ജറമിയാ: (ഭാവം മാറി) നിങ്ങൾ ചെയ്യുന്നതു് തെററാണ്. പാപമാണ്.

മിനിസ്റ്റർ: എന്തു തെററു്......? എന്തു പാപം?

ജറമിയാ: തോട്ടപ്പുഴപോലെ സമൂഹത്തിൻെറ രക്തം കുടിച്ചു ചീർക്കുന്നതു്.

മിനിസ്റ്റർ: നിങ്ങളെന്താണീ പറയുന്നതു്! നിങ്ങൾക്കു ഭ്രാന്താണ്!

ജറമിയാ: ഭ്രാന്തും ബുദ്ധിഭ്രമവും തമ്മിൽ വലിയ അന്തരമില്ല. അതിൽ ഞാനഭിമാനിക്കുന്നു. ഭ്രാന്തൻ ഭ്രാന്തു പറയണം... ..അതു ഞാൻ പറയുന്നു. നിങ്ങൾ ചെയ്യുന്നതു തെററാണ്......

മിനിസ്റ്റർ: നിങ്ങളുടെ ആരോപണങ്ങളെഴുതി പത്രത്തിനു കൊടുക്കു......

ജറമിയാ: ഹ്! ഹ്! ഹ്! പത്രം! പത്രധർമ്മം സർക്കാരിനു പൂമാലയിടലും കുടപിടിക്കലു മല്ലേ?
ഹോണറബിൾ മിനിസ്റ്റർ, നിങ്ങൾ ഭരിക്കുന്ന ഈ രാജ്യത്ത് പൊരിയുന്ന വയറോടെ ഉറങ്ങാൻ പോകുന്ന ലക്ഷങ്ങൾ ഉണ്ടെന്നറിയാമോ?
ഈ രാജ്യത്ത് ഉറങ്ങാൻ കൂരകളില്ലാത്തവരുണ്ടെന്നറിയാമോ?
ഓ! അല്ലെങ്കിൽ നിങ്ങളെന്തിനറിയണം. മന്ത്രിയായതിൽപിന്നെ പത്തു ലക്ഷത്തിന്റെ വീടൊന്നു വച്ചില്ലേ? ഭാര്യയുടെ പേരിൽ പത്തേക്കർ റബ്ബർ തോട്ടം എഴുതിച്ചില്ലേ? നിങ്ങൾ നാട്ട നന്നാക്കുന്നുണ്ടല്ലേ? മിനിസ്റ്റർ, നിങ്ങളാണു് യാഥാർത്ഥമന്ത്രി! രാജ്യത്തോട്ട കൂറുള്ളവൻ!
ആട്ടെ, മിനിസ്റ്ററുടെ അപ്പനിപ്പോഴും കൂലിപ്പണിക്കു പോകുന്നുണ്ടോ? ആ പാവത്തിനെ ഇനിയും കഷ്ടപ്പെടുത്തരുത്. ഓഫീസ് സെക്രട്ടറിയായിട്ട വല്ലോമൊരു പ്രമോഷൻ......

മിനിസ്റ്റർ: അതു തൻെറ അപ്പനു കൊട്ടക്കാം.

ജറമിയാ: ഹ്! ഹ്! ഹ്! എനിക്കങ്ങനെയൊരാളില്ല......ദാ, നോക്കു......ഈ പട്ടണത്തിന്റെ തെരുവുകളിലൂടെ അലഞ്ഞു തിരിയുന്ന ആയിരങ്ങൾക്കു് അങ്ങനെയൊരാളില്ല.
(പെട്ടെന്നു് രൗദ്രഭാവം കൈക്കൊണ്ട്)
ഞങ്ങൾക്കു് പ്രമോഷനല്ല വേണ്ടതു്......നീ

തിയാണ്. നീതി....ജീവിക്കാനുള്ള അവകാശം.....ഹ്! ഹ്! ഹ്! മന്ത്രിപോലും! മന്ത്രി! ഫൂ! (കാണികൾക്കു നേരെ തിരിഞ്ഞ്) നിർഭാഗ്യവതീ, നീയെന്തിനു രക്താംബരം ധരിക്കുന്നു. നീയെന്തിനു രത്നാഭരണമണിയുന്നു. എന്തിനു കടക്കണ്ണുകളിൽ മഷിയെഴുതുന്നു......നിന്റെ കാമുകന്മാർ നിന്നെ വെറുക്കുന്നു......അവർ നിന്റെ ജീവനെ വേട്ടയാടുന്നു......വേട്ടയാടുന്നു......വേട്ടയാടുന്നു......

[രംഗം ഇരുണ്ടു തെളിയുന്നു. ഇപ്പോൾ രംഗത്താരുമില്ല. വീണ്ടും രംഗം ഇരുളിലാവുന്നു. ജമറിയാ ഒരു പന്തവും കൊളുത്തിക്കൊണ്ട് സ്റ്റേജിലേക്കു കടന്നുവരുന്നു]

ജമറിയാ: ഞാൻ നശിപ്പിക്കും! എല്ലാം നശിപ്പിക്കും!
ഹനുമാൻ ലങ്ക ചുട്ടു കരിച്ചതുപോലെ
ഞാനെല്ലാം നശിപ്പിക്കും......!

(എതിരേ ഒരു പുരോഹിതൻ കടന്നുവരുന്നു)

പുരോഹിതൻ: ജറമിയാ....നിനക്കെന്തുപററി....നീയെന്താണീ കാണിക്കുന്നത്?

ജറമിയാ: കാണിച്ചു കഴിയുമ്പോഴറിയാം ഭൂമിയുടെ വിരിമാറിൽ നിങ്ങളുയർത്തിയ ബാബേൽ ഗോപുരങ്ങൾ നിലംപരിശാകുന്നത് എനിക്കു കാണണം.
മതം പോലും മതം!
കല്ലും മണ്ണും സിമിൻറും കമ്പിയും!
അതിനു മുകളിലൊരു കരിശുവച്ചാൽ മതമായി!

മനുഷ്യപുത്രൻെറ രക്തം കലർത്തി വാർത്തെടു
ത്ത ബലിപീഠങ്ങളിൽ
മുപ്പത്തിമുക്കോടി ദേവന്മാരെ
പ്രതിഷ്ഠിച്ചിരുത്തിയാൽ അതു മതമായി!

പുരോഹിതൻ: എല്ലാററിനും മാർഗ്ഗമുണ്ടാക്കാം...അല്പം സാ
വകാശമായി...

ജറമിയ: സാവകാശം...അപ്പോഴേക്കും ഒരു പററം
കൂടി ചത്തൊടുങ്ങിക്കഴിയും...

പുരോഹിതൻ: എവിടെ ചത്തൊടുങ്ങുന്ന കാര്യമാണു നി
ങ്ങൾ പറയുന്നതു്?

ജറമിയാ: ഹോക്ലൻറിൽ! ബേറൂട്ടിൽ! ഇറാനിൽ! ഇ
റാക്കിൽ, അവരാരും മനുഷ്യരല്ല, അല്ലേ?
ദാ...നോക്കു...നിങ്ങളുടെ പള്ളിമേടയ്ക്കു താ
ഴെ...എത്ര കുടിലുകൾ...നിങ്ങൾക്കെണ്ണാൻ
കഴിയുമോ?
അവിടെ മനുഷ്യപുത്രന്മാർ ജനിക്കുന്നു, മരി
ക്കുന്നു...
(വിദൂരതയിൽനിന്നു് മണിമുഴങ്ങുന്ന ശബ്ദം)
ഡയാനാറാണിപെററു...സെൻറു്പോൾ ക
ത്തീഡ്രലിലെ മണിമുഴങ്ങുന്നു...
ഹ്! ഹ്! ഹ്! സിംഹപ്രസവം! മണിയടി
ക്കണം...
പന്നി പെററാലുണ്ടോ മണിമുഴങ്ങുന്നു...
പന്നിക്കു വെടിയുണ്ടയേററാലും മണിയടി
ക്കില്ല...
ഇതാണു മതം...അതിൻെറ പ്രചാരകനാണു
നിങ്ങൾ!

പുരോഹിതൻ: നിങ്ങളുടെ സമനില തെററിയിരിക്കുന്നു... ഇപ്പോൾ നിങ്ങളോട്ട് എന്തു പറഞ്ഞാലും മനസ്സിലാവില്ല... നിങ്ങൾക്ക് അല്പം വിശ്രമവും ഉറക്കവുമാണാവശ്യം!

ജറമിയാ: ഹ്! ഹ്! ഹ്! ക്രിസ്തുവിൻെറ പുതിയ സുവിശേഷം! എനിക്കു വിശക്കുന്നെന്നു പറഞ്ഞപ്പോൾ വിശ്രമവും ഉറക്കവും!
എൻെറ ജനം വെടിയുണ്ടയേററു പിടയുന്നെന്നു പറഞ്ഞപ്പോൾ വിശ്രമവും ഉറക്കവും!
ഗുഡ്പ്രീസ്ററ്, റവറൻഡ് പ്രീസ്റ്റ്'
നിങ്ങൾക്ക് വിശ്രമിക്കാനും ഉറങ്ങാനും പള്ളിമേടകളും അരമനകളുമുണ്ട്. ഞങ്ങൾക്ക് ഉണ്ണാനില്ല, ഉടുക്കാനില്ല, ഉറങ്ങാനില്ല.
നിങ്ങൾക്ക് ഇതിനെതിരായിട്ടൊന്നും പറയാനില്ലേ?
ക്രിസ്തുവിൻെറ കുരിശും കുപ്പായവുമണിഞ്ഞു നടക്കുന്നവർക്ക് ഒന്നും പറയാനില്ലേ?

പുരോഹിതൻ: മിസ്റ്റർ ജറമിയാസ്! നിങ്ങൾ ശ്രദ്ധമണ്ടനാണ്. കല്ലിനോട്ട് ഉതസ്സുന്നതു് നിനക്കു നല്ലതല്ല. നിൻെറ പന്തത്തിൽ കത്തിയെരിയുന്നതാണു് ഈ വ്യവസ്ഥിതിയെന്നു കരുതുന്നുണ്ടോ?
ഇതിനു യുഗങ്ങളുടെ പഴക്കമുണ്ട്. ഇതിനെ സംരക്ഷിക്കുവാൻ ഇരുമ്പുമുഷ്ടിയുണ്ട്.
നീ കൊളുത്തിയ പന്തത്തിൽ നീ തന്നെ കത്തിയെരിയും...

ജറമിയാ: (പൂർവ്വസ്മൃതിയിൽ ലയിച്ച മനസ്സോടെ)
'ജനം മുഴവൻ നശിക്കാതിരിക്കേണ്ടുന്നതിനു് ഒരാൾ നശിക്കുന്നതു് നല്ലതാകുന്നു.'

(സ്റ്റേജിൻെറ ഇരുവശങ്ങളിൽ നിന്നു് ന്യായാധിപനും മന്ത്രിയും പ്രവേശിക്കുന്നു)

മന്ത്രി: ഇയാൾ ഫാദറിനെ വളരെയധികം വിഷമിപ്പിച്ചുകാണും.

ജഡ്ജ്: പാവം! നല്ല മനുഷ്യനായിരുന്നു...സമനില തെററിയാൽ എന്തുചെയ്യും...

ജറമിയാ: ഫൂ! എനിക്കു നിങ്ങളുടെ സഹതാപം വേണ്ട. പാവപ്പെട്ടവനു കഞ്ഞികൊടുക്കാത്ത, ജീവിക്കാനുള്ള അവകാശം നിഷേധിക്കുന്ന നിയമവും സക്കാരും മതവും! യോഗ്യന്മാർ ഒന്നിച്ചിരിക്കുന്നു.

ഞാൻ കൊളുത്തിയ പന്തം കെടുത്തില്ല, ഇതെല്ലാം കത്തി തീരുന്നതുവരെ.

(മന്ത്രി പന്തം തട്ടിയെടുത്തു് കുത്തിക്കെടുത്തുമ്പോൾ പുരോഹിതനും ജഡ്ജും കൂടി ജറമിയാസിനെ പിടിച്ചു ബന്ധിക്കാൻ ശ്രമിക്കുന്നു)

ജറമിയാ: ഹ്! ഹ്! ഹ്! ഹ്! ഹ്! ഹ്! ശുദ്ധമണ്ടന്മാർ! താമസിച്ചുപോയി. നോക്കെടോ നോക്കു്!

വൈററ് ഹൗസ് കത്തിയെരിയുന്നതുകണ്ടോ? സൂര്യനസ്തമിക്കാത്ത സാമ്രാജ്യം കത്തിയെരിയുന്നതുകണ്ടോ? ഡൽഹി കത്തിയെരിയുന്നതുകണ്ടോ?

ആയിരം ലക്ഷം ഹൃദയങ്ങളിൽ നിന്നുള്ള തീപ്പടരുന്നതു കണ്ടോ? കണ്ടോ...കണ്ടോ...

(ശബ്ദം കുറയുന്നതിനനുസരിച്ചു് വെളിച്ച

വും കുറഞ്ഞുവരുന്നു. രംഗം ഇരുണ്ടുതെളിയുമ്പോൾ പ്രൊഫസ്സർ ജറമിയാസ്് തീ ചിതറുന്ന കണ്ണുകളോടെ മുമ്പോട്ടു കടന്നുവന്നു് കാണികളോടു്.)

പ്രൊഫസ്സർ: ആക്കാണു ഭ്രാന്തു്? ആക്കാണു ഭ്രാന്തു്? ഉത്തരമില്ലേ...?

—കർട്ടൻ—

# മനുവംശപുരാണം

“കാമ ഏഷ ക്രോധ ഏഷ
രജോഗുണ സമുദ്ഭവ:
മഹാശനോ മഹാപാപ്മാ
വിദ്ധ്യേനമിഹ വൈരിണം”

—ഭഗവത്ഗീത.

സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. അവൻ രാജാവാണ്. എല്ലാം കയ്യടക്കി ഭരിക്കുന്ന മനുഷ്യൻ ചിലപ്പോൾ, ചിലപ്പോൾമാത്രം ദുർബ്ബലനാവുന്നു. മനുഷ്യൻെറ ദൗബ്ബല്യത്തിൻെറ കഥയാണ് മനുവംശപുരാണം.

അർജ്ജുനൻ ചോദിച്ചു: "മനുഷ്യൻ പാപകർമ്മങ്ങൾ ചെയ്യുന്നതിൻെറ കാരണമെന്താണ്?"

ഭഗവാൻ പറഞ്ഞു: "കാമ ഏഷ, ക്രോധ ഏഷ, രജോഗുണ സമുദ്ഭവ:". അതിൻെറ വിശദീകരണമാണ് മനുവംശപുരാണം.

[കട്ടനുയരുമ്പോൾ സിംഹാസനത്തിൽ മനു ഉപവിഷ്ട നായിരിക്കുന്നു. മനുവിൻെറ മനസ്സിലെ സംഘർഷങ്ങൾ ലൈററിഫക്ററുകൊണ്ട് വ്യക്തമാക്കാവുന്നതാണ്. സ്പോട്ട് ലൈററ് മനുവിൽ മാത്രം കേന്ദ്രീകരിച്ചു നില്ക്കുമ്പോൾ അശരീരിപോലെ കേൾക്കുന്നു: "എന്താണതിൻെറ കാരണം, എന്താണതിൻെറ കാരണം, എന്താണതിൻെറ കാരണം." 'കാരണം' അന്തരീക്ഷത്തിൽ പ്രതിധ്വനിച്ചു നില്ക്കുമ്പോൾ സിംഹാസനത്തിൻെറ ഇടത്തു വശത്തുനിന്നും വലത്തുവശത്തുനിന്നും രണ്ടുഭൃത്യന്മാർ രംഗത്തു വരുന്നു. വലത്തുവശത്തുനിന്നും 'നന്മ'യുടെ പ്രേരകശക്തിയായ ഭൃത്യൻ1, ഇടത്തുവശത്തുനിന്നും തിന്മയുടെ പ്രേരകശക്തിയായ ഭൃത്യൻ2 എന്ന ക്രമം നാടകത്തിലുടനീളം പാലിക്കേണ്ടതാണ്. ഒരു പ്രത്യേക താളത്തിൽ ഇവർ രംഗത്തു് ഒഴുകിയൊഴുകി നടക്കണം.]

മനു; എന്താണതിൻെറ കാരണം...?

ഭൃത്യൻ 1; എന്താണതിൻെറ കാരണം...?

ഭൃത്യൻ 2; എന്താണതിൻെറ കാരണം...?

ഭൃത്യൻ 1: ഞാൻ പറയാം.

ഭൃത്യൻ 2: ഞാൻ പറയാം.

ഭൃത്യൻ 1: അവിടുത്തെ മനസ്സ് അസ്വസ്ഥമാണ്.

ഭൃത്യൻ 2: യുദ്ധത്തിൻെറ കാര്യമോർത്തു് അങ്ങ് വളരെയധികം ആകുലപ്പെടുന്നുണ്ട്.

ഭൃത്യൻ 1: മഹാനായ മനു രാജാവ് നിസ്സാരമായ ഒരു യുദ്ധത്തെ വിചാരിച്ച് ആകുലപ്പെടുകയോ? അതു പാടില്ല. ധീരതയാണ് രാജാക്കന്മാരുടെ ഭൂഷണം. രാക്ഷസനെ തെററാലികൊണ്ടെതിർത്തവൻ ധീരനാണ്;

ഭൃത്യൻ 2    എന്നാൽ ഇന്നു് മഹാനായ മനു രാജാവു് ചഞ്ചലപ്പെടുന്നു. അതു് വെറും മാനുഷീകം. എന്നും ധീരനായിരിക്കുന്ന മനുഷ്യൻ മനുഷ്യനല്ല—അതിമാനുഷനാണു്. ഇന്നത്തേക്കു മാത്രം അങ്ങു് ധീരത കൈവെടിയൂ. നാളെ കൂടുതൽ ധൈര്യം കിട്ടും.

ഭൃത്യൻ 1;    നീ രാജാവിനെ പ്രലോഭിപ്പിക്കാതെ. മനുഷ്യൻ അതിമാനുഷനായി വളരേണ്ടവനാണു്. ബലഹീനതയ്ക്കു് അടിമപ്പെടുന്നവൻ വളരുകയല്ല തളരുകയാണു ചെയ്യുന്നതു്. (രാജാവിനോടു്) മഹാത്മൻ! ധൈര്യമായിരിക്കൂ. യാതൊന്നും അങ്ങയെ ചഞ്ചലപ്പെടുത്താതിരിക്കട്ടെ. മനു രാജാവിനു്, തോററു പിൻവാങ്ങിയ ചരിത്രമില്ല. രണശൂരന്മാരാണു് അങ്ങേയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നതു്. തന്നെയുമല്ല, ഈശ്വരൻ നമ്മുടെ പക്ഷത്താണു്. നമുക്കിനി ഒന്നും പേടിക്കാനില്ല.

ഭൃത്യൻ 2;    ഹായ്! ഹായ്! തൻെറയൊരു തത്വശാസ്ത്രം; ലോകം മുഴുവൻ അതിമാനുഷന്മാരെക്കൊണ്ടു നിറഞ്ഞിരിക്കയാണല്ലോ? ഒരിക്കലെങ്കിലും നഷ്ടധൈര്യനാകാത്ത ഒരു മനുഷ്യനെ എനിക്കു കാട്ടിത്തരൂ. അന്നു ഞാൻ നിങ്ങളുടെ അടിമയാണു്. ഹേ! മിസ്റ്റർ, രാജാക്കന്മാർ ഉയരത്തിലേക്കുയർന്നുപോകുന്നതും തകർന്നു വീഴുന്നതും കണ്ണിമയ്ക്കാതെ സുസ്മേരവദനനായി നോക്കിനിന്നവനാണു് ഈ ഞാൻ. നിൻെറ തത്വശാസ്ത്രം എന്നോടു പറയാതെ (രാജാവിനോടു്) മഹാത്മൻ; ഇയാളാണു് അങ്ങയെ ഇപ്പോൾ

നഷ്ടധൈര്യനാകുന്നതു്. അങ്ങു് അതിമാനുഷനാവാതെ മനുഷ്യനാവൂ, ധൈര്യം കിട്ടും. അങ്ങു ചിരിക്കൂ... കരയൂ... ധീരനാവൂ, ഭീരുവാകൂ... സുഗുണനാവൂ... ദുർഗ്ഗുണനാവൂ; അങ്ങു് മനുഷ്യനാവൂ.

(രാജാവു് അസ്വസ്ഥത നടിച്ചു് ആസനസ്ഥനാകുന്നു)

ഭൃത്യൻ 1: മഹാത്മൻ' അങ്ങു വളരെ ക്ഷീണിച്ചിരിക്കുന്നു. ഒരു രാജാവിനു് ഇതു ഭൂഷണമല്ല; രാജാവു തളർന്നാൽ സൈന്യവും തളരും. യുദ്ധം തോല്ക്കും. വളരു മഹാത്മൻ, അധീരനിൽ നിന്നു് ധീരനിലേക്കു്; കരയുന്നവനിൽനിന്നു് ചിരിക്കുന്നവനിലേക്കു്.

ഭൃത്യൻ 2: ഹ്! ഹ്! ഹ്! തനി ഉട്ടോപ്യൻ ചിന്ത! ഹേ! മിസ്റ്റർ, രാജാവും മനുഷ്യനാണു്. കരയാൻ കണ്ണുള്ള മനുഷ്യൻ. കോരിത്തരിപ്പിക്കുന്ന വികാരങ്ങളുള്ളവൻ, ഇന്ദ്രിയങ്ങളുള്ളവൻ... ('വികാരങ്ങളുള്ളവൻ, ഇന്ദ്രിയങ്ങളുള്ളവൻ' അന്തരീക്ഷത്തിൽ പ്രതിധ്വനിച്ചു് ലയിക്കുന്നതിനൊപ്പം വെളിച്ചം മങ്ങി ഇല്ലാതാകുന്നു. രംഗം തെളിയുമ്പോൾ രാജാവു് പുറത്തേക്കു നോക്കിനില്ക്കുന്നു. ആർത്തിയും ആസക്തിയും പ്രസരിപ്പിക്കുന്ന നോട്ടം. ഭൃത്യൻ 2 സിംഹാസനത്തിന്റെ പുറകിൽ നിന്നും പ്രത്യക്ഷപ്പെടുന്നു.)

ഭൃത്യൻ 2: അരുളിചെയ്താലും

മനു: (പുറത്തേക്കുചൂണ്ടി) ദാ... നോക്കൂ... എന്തൊരു സൗന്ദര്യം; വെണ്ണയിൽ കടഞ്ഞെടുത്ത ശരീരം! അവൾ ആരാണു്?

ഭൃത്യൻ 2: (താല്പര്യത്തോടെ പുറത്തേക്കു നോക്കി നില്ക്കുന്നതല്ലാതെ ഒന്നും പറയുന്നില്ല)

മനു: നീയെന്താണൊന്നും പറയാത്തതു്?

ഭൃത്യൻ2 : മഹാത്മൻ! ക്ഷമിക്കണം. ആ സൗന്ദര്യ സുഷമയിൽ ഞാൻ ലയിച്ചുപോയി, അവളെ ഞാൻ കൊതിച്ചുപോയി.

മനു: പാടില്ല. അവൾ ആരുടെയെങ്കിലും ഭാര്യയായിരിക്കും. പരസ്ത്രീസ്പർശനം പാപമാണു്

ഭൃത്യൻ 2: പരസ്ത്രീദർശനം പാപമല്ലേ? മഹാത്മൻ ഇതൊക്കെ പഴയ ചിതൽപ്പുററുകളാണു്. ആ ചിതൽപ്പുററിനെ നോക്കി വിവരമില്ലാത്തവർ പറയും അതു ദൈവമാണെന്നു്. ങ്ഹ്! ഞാൻ ആ സൗന്ദര്യദർശനം ഒന്നുകൂടി നടത്തട്ടെ (രണ്ടു പേരും ഒപ്പം നോക്കുന്നു.) [ഭൃത്യൻ! സിംഹാസനത്തിൻെറ വലത്തു വശത്തു നിന്നും പ്രത്യക്ഷപ്പെടുന്നു.]

ഭൃത്യൻ 1: അങ്ങെന്നെ വിളിച്ചതു പോലെ തോന്നി;

ഭൃത്യൻ 2: ശല്യം! നിന്നെ ആരെങ്കിലും ഇങ്ങോട്ടു വിളിച്ചോ? സ്വർഗ്ഗത്തിലെ കട്ടുറുമ്പു്! ഒന്നു പോകുന്നതിനു വല്ലതും വേണോ?

ഭൃത്യൻ 1: എന്നെ ആവശ്യമുള്ളിടത്തെല്ലാം ഞാൻ ചെല്ലും. അതു തടയാൻ ആർക്കും സാധിക്കില്ല; (രാജാവും ഭൃത്യൻ2–ം വീണ്ടും നോക്കുന്നു)

ഭൃത്യൻ 1: എന്താ നിങ്ങളിത്ര കാര്യമായി നോക്കിക്കാണുന്നതു്?

ഭൃത്യൻ 2: സൗന്ദര്യദർശനം! സാക്ഷാൽ സ്വർഗ്ഗം!

49521.



ഭൃത്യൻ 1; (എത്തിനോക്കി പെട്ടന്നു് പിൻവാങ്ങുന്നു) മഹാത്മൻ! ഒരു രാജാവിനിതു ചേൎന്നതല്ല. അവൾ പരസ്ത്രീയാണു്. അങ്ങയുടെ സേനാനി ധൎമ്മപാലൻെറ ഭാൎയ്യ-മേധ്യ. പരസ്ത്രീദൎശനം സ്വൎഗ്ഗത്തിലേക്കു നയിക്കും. ഇതു പാപമാണു്. ദൈവശാപം അങ്ങയുടെ മേലും ഈ രാജ്യത്തിൻെറമേലും വന്നുഭവിക്കും.

ഭൃത്യൻ 2: ഉള്ളിത്തൊലി! പൂവിനെ നോക്കാത്ത പുരുഷനില്ല. കണ്ണുള്ള മനുഷ്യൻെറ ലക്ഷണമാമാണതു്. രക്തവും മാംസവുമുള്ള മനുഷ്യൻ പൂപറിക്കും. മുത്തും.

ഭൃത്യൻ 1: നീ മനുകുലത്തിൻെറ രാജാവിനെയാണു് പ്രലോഭിപ്പിക്കുന്നതു്.

ഭൃത്യൻ 2; രാജാവും മനുഷ്യനാണു്. രക്തമുള്ളവൻ. മാംസവുമുള്ളവൻ. വികാരങ്ങളുള്ളവൻ. മഹാരാജാവേ, അങ്ങൊന്നു കല്പിച്ചാൽ മതി, ധൎമ്മപാലൻെറ ഭാൎയ്യ മേധ്യ കുളിക്കടവിൽ നില്ക്കുന്നനിലയിൽ ഇവിടെ വരും. ഇവിടെ വരും.

ഭൃത്യൻ 1: മഹാത്മൻ! അരുതു്. അതുമാത്രമരുതു്. അങ്ങു നശിക്കരുതു്. മനുകുലം നശിക്കരുതു്. അങ്ങയുടെ പ്രജകൾ നശിക്കരുതു്.

മനു: നീയെന്നെ ഉപദ്രവിക്കാതെ. ഞാനുമൊരു മനുഷ്യനാണു് നാം കല്പിക്കുന്നു. മേധ്യ ഇന്നീകൊട്ടാരത്തിലെ റാണിയാവും, മനുവെന്ന മനുഷ്യൻെറ ഭാൎയ്യയാവും. (ഭൃത്യൻ1 മറയുന്നു)

...RAM COLLEGE LIBRARY BANGALORE-29.

ഭൃത്യൻ 2; മേധ്യ കൊട്ടാരത്തിലെ റാണിയാവുന്നതു് എനിക്കിഷ്ടമില്ല. കൊട്ടാരത്തെ അലങ്കരിക്കുവാൻ ഇവിടെ പട്ടമഹിഷിമാരുണ്ടല്ലോ. മേധ്യ അങ്ങയുടെ ഭാര്യയാവുന്നതും എനിക്കിഷ്ടമല്ല. അങ്ങേയ്ക്കു് ആവശ്യത്തിലധികം ഭാര്യമാരുണ്ടല്ലോ. പുരുഷനു സ്ത്രീയാണാവശ്യം. അതുമതി.

മനു: പുരുഷനു സ്ത്രീയാണാവശ്യം...? എന്റെ ഭാര്യമാരും സ്ത്രീകളാണല്ലോ...

ഭൃത്യൻ 2: പുതുപൂക്കളിലെ തേനിനു് മാധുര്യം കൂട്ടും. പഴയ വീഞ്ഞായാലും പുത്തൻ പാനപാത്രത്തിൽനിന്നു കുടിക്കണം.

മനു: രണ്ടും തേനല്ലേ...? രണ്ടും വീഞ്ഞല്ലേ...?

ഭൃത്യൻ 2: പാത്രം രണ്ടല്ലേ? പഴയതും പുതിയതും. പുതിയതാണു സുഖം...

മനു: ശരിയാണ്. പഴയതും പുതിയതും. പുതിയതും പഴയതും.

ഭൃത്യൻ 2: അപ്പോൾ പിന്നെ പുതിയതുവേണം, അല്ലേ?

മനു: അതേ. പുതിയതു്...പുതിയ തേൻ...പുതിയ വീഞ്ഞു്.

[രംഗം ഇരുണ്ടുതെളിയുന്നു. രാജാവു് വികാരപാരവശ്യത്തോടെ ഉലാത്തുന്നു. നിമഷങ്ങൾക്കുശേഷം. ഭൃത്യൻ1 മേധ്യയുമായി കടന്നുവരുന്നു]

ഭൃത്യൻ 2: മഹാത്മൻ! ഇതാ കല്യാണസൗഗന്ധികം. ചന്ദ്രോത്സവം തുടങ്ങാം. (ഭൃത്യൻ1 മറയുന്നു)

മേധ്യ: (തലകുനിച്ചു് അഭിവാദനം ചെയ്യുന്നില്ലന്നു)

മനു: മേധ്യേ...!

മേധ്യ: (രാജാവിനെ ഒന്നു നോക്കി, വീണ്ടും നമിച്ചു നില്ക്കുന്നു.)

മനു: മേധ്യേ: എന്താ എൻെറ മുഖത്തു നോക്കാനൊരു മടി? ഓ! നാണം! സ്ത്രീകൾക്കു നാണം ഒരലങ്കാരമാണ്. നീ നാണിച്ചു നില്ക്കുമ്പോൾ നിൻെറ സൗന്ദര്യം വദ്ധിക്കുകയാണ്.

മേധ്യ: അവിട്ടുന്ന് എന്നെ വിളിപ്പിച്ചതു്?

മനു: നിനക്കു മനസ്സിലായില്ല, അല്ലേ? പറയാം

മേധ്യ: കല്പിച്ചാലും.

മനു: നിന്നെക്കാണാൻ. നിൻെറ സ്വഗ്ഗീയസൗന്ദര്യം നുകരാൻ. പൂമ്പാററ പൂവിനെയെന്നതുപോലെ നിന്നെ തലോടാൻ.

മേധ്യ: ഞാൻ അങ്ങയുടെ സേനാനി ധമ്മപാലൻെറ ഭാര്യയാണ്. പാവപ്പെട്ടവളാണ്. അങ്ങു രാജാവാണ്. അധമ്മം പ്രവത്തിക്കരുതു്.

മനു: അറിയാം. എല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ് നിന്നെ വരുത്തിയതു്. എൻെറ സേനാനി എന്നെക്കാൾ ഭാഗ്യവാനാവാൻ പാടില്ല. നീ സൗന്ദര്യത്തിൻെറ അവതാരമാണ്. നീ മനുകുലത്തിൻെറ രാജാവിനുള്ളവളാണ്.

മേധ്യ: മഹാരാജാവേ! ഈശ്വരനെയോത്തു് അതു മാത്രമരുതു്. അങ്ങയുടെ വിശ്വസ്തനായ ധമ്മിഷ്ഠനായ സേനാനിയെ ഓത്തു് മഹാപാപം പ്രവത്തിക്കരുതു്.

മന്ദ: പാപമല്ല. ഉപാസനയാണ്. സൗന്ദര്യാദേവതയുടെ മുമ്പിൽ ആരാധന. സൗന്ദര്യരാധന! (തോളിൽ സ്പർശിച്ചുകൊണ്ട്) വരു... ദേവതേ...

മേധ്യ: മഹാരാജാവേ. മനസ്സാക്ഷിയെ വഞ്ചിക്കരുത് (പെട്ടന്ന് സിംഹാസനത്തിന്റെ പുറകിൽനിന്നും ഭൃത്യൻ2 പ്രത്യക്ഷപ്പെട്ടുന്നു)

ഭൃത്യൻ 2: ഹ്! ഹ്! ഹ്! അവിടെയും മനസ്സാക്ഷി. മാങ്ങാത്തൊലി! നാരീമണി! അതുമാത്രം പാടില്ല. മഹാരാജാവിന്റെ കൊട്ടാരത്തിൽ മനസ്സാക്ഷിയുടെ സ്വരംമാത്രം പാടില്ല. മഹാരാജാവിന് അതിഷ്ടമല്ല. എനിക്ക് അതൊട്ടും ഇഷ്ടമല്ല.

മേധ്യ: മനസ്സാക്ഷി തെററെന്നു വിധിക്കുന്നതു് ചെയ്യുവാൻ അബലയെങ്കിലും എനിക്കു സാധ്യമല്ല. എന്നോട്ടു ക്ഷമിക്കു...

ഭൃത്യൻ 2: ക്ഷമ! ഇവിടെ ക്ഷമയുടെ പ്രശ്നമുദിക്കുന്നില്ല. ദാഹത്തിന്റെ പ്രശ്നംമാത്രം. ഹേ! തരുണീമണീ! ദാഹിക്കുമ്പോൾ നിങ്ങൾ വെള്ളം കുടിക്കാറില്ലേ? ഇതുമൊരു ദാഹം. മഹാരാജാവിനു ദാഹിക്കുന്നു. പാനീയാം വേണം. മധുചഷകം തുറന്നുകൊട്ടുക്കു... നമ്മുടെ രാജാവല്ലേ? തുറന്നുകൊട്ടുക്കു... ദാഹം തീരുന്നതുവരെ കുടിക്കട്ടെ.

മേധ്യ: അതിനുകൊട്ടാരത്തിൽ നിറഞ്ഞുതുളുമ്പുന്ന മധുചഷകങ്ങളില്ലേ? അപഹരണം നടത്തിയിട്ടു വേണോ രാജാവു കുടിച്ചു തൃപ്തനാവാൻ?

ഭൃത്യൻ 2: കൂടുതൽ മധുരമുള്ളതു കിട്ടുമെങ്കിൽ അപഹരണം നടത്തുന്നതിൽ തെററില്ല. അല്ലാ ഇവിടെ തെററും ശരിയും നോക്കുന്ന പ്രശ്നമില്ല. കരിവണ്ട് പൂക്കളുടെ ജാതിയും ഗുണവും നോക്കാറില്ല. അതിനു വേണ്ടതു് മധു മാത്രം. പൂമ്പൊടി മാത്രം......

മേധ്യ: മഹാരാജാവേ...എന്നോടു ക്ഷമിക്കൂ... എന്നെ സ്വതന്ത്രയാക്കൂ...

മനു: ഞാൻ രാജാവല്ല നിൻെറ മുന്നിൽ; മനുവെന്ന മനുഷ്യൻ മാത്രം. മേധ്യക്കുവേണ്ടി ദാഹിക്കുന്ന മനുഷ്യൻ.

മേധ്യ: എങ്കിൽ മനുഷ്യത്വത്തിൻെറ പേരിലെങ്കിലും എന്നോടു കരുണ കാണിക്കൂ...

ഭൃത്യൻ: മനുഷ്യത്വം! കരുണ! ഇതൊക്കെ മനസ്സാക്ഷിയുടെ സ്വരമാണു്. അതിവിടെ പാടില്ല, ഇവിടെ രക്തം, മാംസം, വികാരം, ദാഹം...! മനുഷ്യൻെറ സ്വരം. അതു മാത്രം

മേധ്യ: ഈശ്വരാ...

ഭൃത്യൻ: ഈശ്വരനുമിവിടില്ല. അതു് മനസ്സാക്ഷിയുടെ സങ്കല്പമാണു്. ഇവിടെ മനുഷ്യൻ മാത്രം. പച്ച മനുഷ്യൻ!

മനു: വശ്യതങ്കം...നീ...എൻേറതാണു്. (രാജാവ് കൈകൾ നീട്ടി മേധ്യയുടെ നേരെ അടുക്കുന്നു. മേധ്യ തേങ്ങി കരയുന്നു. രംഗം ഇരുട്ടിലാവുന്നു. നിമിഷങ്ങൾക്കു ശേഷം രംഗത്തു് നേരിയ വെളിച്ചം പരക്കുന്നു.

ഇപ്പോൾ ശൂന്യമായ സിംഹാസനത്തിന്റെ പുറകിൽ നിന്നും ഭൃത്യൻ! പ്രത്യക്ഷപ്പെട്ട് കാണികളോടായി പറയുന്നു.)

ഭൃത്യൻ: കാമ ഏഷ ക്രോധ ഏഷ
രജോ ഗുണസമുദ്ഭവ:
മഹാശനോ മഹാപാപ്മാ
വിദ്ധ്യേനമിഹ വൈരിണം.

[രംഗം ഇരുണ്ട തെളിയുമ്പോൾ രാജാവ് സിംഹാസനാരൂഢനാണ്. പ്രക്ഷുബ്ധമാണു മനസ്സ്. ഇടിയും മിന്നലും. നീതിബോധവും കുററബോധവും. തനിക്കു ചുററും നീതിയുടെ വാൾ ഉയർന്നുനില്ക്കുന്നതായി കാണുന്നു. രാജാവിന്റെ മനസ്സിന്റെ പ്രതിരൂപമായ ന്യായാധിപൻ സിംഹാസനത്തിന്റെ പുറകിൽനിന്നും പ്രത്യക്ഷപ്പെടുന്നു.]

മനു: താങ്കൾ...?

ന്യായാധിപൻ: പരിചയമില്ല അല്ലേ? ഞാൻ ന്യായാധിപനാണ്. വരുന്നതു് ദേവലോകത്തുനിന്നു്, അയച്ചിരിക്കുന്നതു് ഈശ്വരൻ!

മനു: (ഈശ്വരൻ എന്നു കേൾക്കുമ്പോൾ ഞെട്ടുന്നു) ഇരുന്നാലും...

ന്യായാധിപൻ: ഉപകാരം. ഇരിക്കുവാൻ വന്നതല്ല. സന്ദേശമറിയിക്കുവാൻ. ഈശ്വരൻ നിങ്ങളേയും നിങ്ങളുടെ രാജ്യത്തേയും നശിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു.

മനു: ഈശ്വരൻ എന്നെ നശിപ്പിക്കാൻ...
എന്റെ രാജ്യത്തെ നശിപ്പിക്കാൻ...
ഞാനെന്തു തെററു ചെയ്തു...?

ന്യായാധിപൻ: നിങ്ങളുടെ രാജ്യത്തു് ധർമ്മവും നീതിയും പാലിക്കപ്പെടുന്നില്ല.

മനു: അങ്ങു പറയുന്നതു് മനസ്സിലാവുന്നില്ല.

ന്യായാധിപൻ: കേൾക്കൂ... മനസ്സിലാക്കിത്തരാം... നിങ്ങളുടെ രാജ്യത്തു് ധനവാനായ ഒരു മനുഷ്യൻ സ്വന്തം അതിഥിയെ സത്കരിക്കാൻവേണ്ടി അയല്വക്കത്തെ പാവപ്പെട്ട കുഞ്ഞാടിനെ പിടിച്ചറുത്ത കഥ നിങ്ങളറിഞ്ഞോ?

മനു: എന്റെ രാജ്യത്തോ,? മനുകുലത്തു് അങ്ങനെയൊരു സംഭവം നടക്കില്ല.

ന്യായാധിപൻ: നടന്നു.

മനു: ക്ഷമിക്കണം ഭവാൻ! അതെന്റെ രാജ്യത്തു് നടക്കില്ല. മനു ഭരിക്കുന്ന രാജ്യത്തു് നടക്കില്ല.

ന്യായാധിപൻ: നടന്നതിനെക്കുറിച്ചു് നടക്കില്ല എന്നു പറയാതെ. നടക്കാത്തതിനെക്കുറിച്ചല്ല ഞാൻ പറഞ്ഞതു്. നടന്ന സംഭവത്തെക്കുറിച്ചു്: ഇനിയും എന്തു പറയുന്നു?

മനു; ആ മനുഷ്യൻ മരിക്കണം. ദ്രോഹി! മനുവിന്റെ രാജ്യത്തു് അങ്ങനെയൊരധർമ്മി ജീവിച്ചിരിക്കാൻ പാടില്ല. ഭവാൻ, ആരാണാദ്ദു കുലദ്രോഹി! ആരവിടെ! അവനെ വധിക്കൂ...

ന്യായാധിപൻ: അപ്പോൾ അവൻ മരണശിക്ഷ അർഹിക്കുന്നുണ്ടല്ലേ?

മനു: തീർച്ചയായും. മനുകുലത്തു് അധർമ്മത്തിനു് അതിൽ കുറഞ്ഞ ശിക്ഷയില്ല. പറയൂ. ആരാണാ ദ്രോഹി...?

ന്യായാധിപൻ: ആ മനുഷ്യൻ നീ തന്നെ!

മനു: (സ്തബ്ധനാവുന്നു)

ന്യായാധിപൻ: മനുകുലത്തെ ഭരിക്കാൻ, നീതിചക്രവും ധരിച്ച് കിരീടവുമണിഞ്ഞു് വാഴുന്നു. ധർമ്മത്തെ പട്ടാപ്പകൽ തേജോവധം ചെയ്യുന്ന മാന്യൻ. ഈശ്വരൻെറ ശാപം നിങ്ങളുടെ മേൽ നിപതിക്കും.

മനു: എനിക്കൊന്നും മനസ്സിലാവുന്നില്ല.

ന്യായാധപിൻ: നിങ്ങൾക്കൊന്നും മനസ്സിലാവില്ല. കാമാന്ധത ബാധിച്ചാൽ പിന്നെ ഒന്നും മനസ്സിലാവില്ല. കണ്ണുണ്ടെങ്കിലും കാഴ്ചയില്ല. തിമിരം ബാധിച്ചുപോയി. ചെവിയുണ്ടെങ്കിലും കേൾവിയില്ല. ചെകിടനായിപ്പോയി.

മനു: അങ്ങു കോപിഷ്ടനാവാതെ കുറെക്കൂടി തെളിച്ചു പറയൂ.

ന്യായാധിപൻ: നിങ്ങൾ ചെയ്ത കാര്യം ഞാൻ തെളിച്ചു പറയണം അല്ലേ? മനുകുലത്തിൻെറ മഹാനായ രാജാവേ അങ്ങേയ്ക്കു ലജ്ജ തോന്നുന്നില്ലേ? നിങ്ങളുടെ കിടക്കറയിൽ ഭാര്യമാർ നിറഞ്ഞുനില്ക്കുമ്പോഴല്ലേ പാവപ്പെട്ട ധർമ്മപാലൻെറ ഭാര്യ മേധ്യയെ നിങ്ങൾ കിടക്കറയിലേക്കാനയിച്ചതു്? നിങ്ങളാണു് ധർമ്മിഷ്ഠനായ രാജാവു്! എന്നിട്ടു് നിങ്ങൾ ചെയ്ത തെററിനു് ഒരു മുഖംമൂടി പണിയാനുള്ള ശ്രമവും. കേമമായിരിക്കുന്നു. മനുകുലത്തിൻെറ രാജാവു ബുദ്ധിമാനാണു്. ധർമ്മപാലനെ മദ്യപിപ്പിച്ചു് ഭാര്യയുടെ അടുത്തേക്കു പറ

ഞ്ഞുവിടാൻ ശ്രമിച്ചു. നടക്കാതെവന്ന പ്പോൾ മരണവക്ത്രത്തിലേക്കു് എറിഞ്ഞു കൊട്ടത്തു. പ്രജാവത്സലനായ രാജാവു്! ധർമ്മിഷ്ഠനായ രാജാവു്!

മന്ത്രി: ഭവാൻ...

ന്യായാധിപൻ: ഭവാൻ! ശബ്ദമുണ്ടോ നിങ്ങൾക്കു്.

മന്ത്രി: ക്ഷമിക്കണം...

ന്യായാധിപൻ: നിങ്ങൾക്കോ ക്ഷമ? മേധ്യ ഒരു തുള്ളി കരുണയ്ക്കുവേണ്ടി കെഞ്ചിയില്ലേ? എന്നിട്ടിപ്പോൾ നിങ്ങൾ കരുണ യാചിക്കുന്നു. നിങ്ങളെയും നിങ്ങളുടെ രാജ്യത്തെയും നശിപ്പിക്കാൻ ഈശ്വരൻ തീരുമാനിച്ചു കഴിഞ്ഞു. രാജ്യം അയൽരാജാക്കന്മാർ കൈവശപ്പെടുത്തും. നിങ്ങളുടെ ഭാര്യമാരെ അവർ പകൽ വെളിച്ചത്തു് ബലാൽസംഗം ചെയ്യും. മേധ്യയിൽ നിങ്ങൾക്കു ജനിച്ച കുട്ടി മരിക്കും. ഇതെല്ലാം നിങ്ങൾ കാണും. പാപത്തിൻെറ ശമ്പളം മരണമാണു്.

[രംഗം പെട്ടന്നു് ഇരുണ്ടുതെളിയുന്നു. ഇപ്പോൾ എല്ലാവരും രംഗത്തുണ്ടു്. രാജാവു് സിംഹാസനത്തിലിരിക്കുന്നു. മററുള്ളവർ ചുററിനും.]

മന്ത്രി: എന്താണതിൻെറ കാരണം...
എന്താണതിൻെറ കാരണം...
എന്താണതിൻെറ കാരണം...

മേധ്യ: ഞാൻ പറയാം.

ഭൃത്യൻ 1: ഞാൻ പറയാം.

ഭൃത്യൻ 2: ഞാൻ പറയാം...

ന്യായാധിപൻ: കാമഏഷ, ക്രോധഏഷ
രജോഗുണ സമുദ്ഭവ:

എല്ലാവരും: (ഒരു പ്രത്യേക താളത്തിൽ നൃത്തംചവുട്ടി)
മനുവംശ പുരാണം
എൻെറ പുരാണം
നിൻെറ പുരാണം
മനുവംശ പുരാണം
നിൻെറ പുരാണം
എൻെറ പുരാണം

—കർട്ടൻ—

DC Library
*00049521*
T61 G53

# ശിലാപുരാണം

ജ്ഞാനദാസ്

ശിലാപുരാണം, പ്രൊഫസ്സർ ജറമിയാസ്, മനുവംശപുരാണം എന്നിവയാണ് ഈ ഗ്രന്ഥത്തിലെ നാടകങ്ങൾ. ഈ മൂന്നു നാടകത്തിലും, ആധുനിക നാടകവേദിയുടെ അനന്തസാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. കാരണം ഇവ മൂന്നും non-realistic നാടകങ്ങളാണെന്നതു തന്നെ. ശൈലീകൃതമായ അഭിനയരീതിയും രംഗസഞ്ചാരവും സാത്വികഭാവത്തെ പരിപോഷിപ്പിക്കുന്ന ധ്വന്യാത്മകമായ അന്തർലോകമനനവും ഈ നാടകങ്ങളെ ഇക്കാലത്തിറങ്ങുന്ന അർത്ഥശൂന്യമായ വർത്തമാനം പറച്ചിൽ നാടകങ്ങളിൽനിന്നു് ബഹുദൂരം ഉയർത്തിനിർത്തുന്നു. ''നാടകാന്തം കവിത്വം'' എന്ന ഭാരതീയ കലാമീമാംസ ജ്ഞാനദാസ് വശമാക്കി എന്നു തോന്നും. കാരണം, കവിതയിൽ തുടങ്ങി, അതിൽ വളർന്ന് അതിന്റെ സാന്ദ്രവും സംഘർഷാത്മകവുമായ നാടകത്തിൽ എത്തിനില്ക്കുന്ന അദ്ദേഹം, എന്നതു തന്നെ.

ശ്രീ വയലാ വാസുദേവൻപിള്ള എം. എ.

Printed at Bethany Press and Published by
Bro. Camillus O.I.C. for Bethany Publications.

# ശിലാപുരാണം

ജ്ഞാനദാസ്



T61
G53

Indic Digital Archive Foundation
gpura.org